# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം
2013 ഫെബ്രുവരി 14, വ്യാഴം
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 355)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി | 2520 മുതൽ 2673 വരെ |
| ജലവിഭവ വകുപ്പുമന്ത്രി | 2674 മുതൽ 2764 വരെ |
| തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി | 2765 മുതൽ 2797 വരെ |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | 2798 മുതൽ 2818 വരെ |
| പട്ടികജാതി -പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | 2819 മുതൽ 2874 വരെ |

<u>ആരോഗ്യനയം</u>

2520 ശ്രീ. റ്റി.എ. അഹമ്മദ് കബീർ
,, എൻ.എ. നെല്ലിക്കുന്ന്
,, കെ.മുഹമ്മദുണ്ണി ഹാജി
,, സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യം പൗരന്റെ അവകാശമായി ഉറപ്പുവരുത്തിക്കൊണ്ടുള്ള ആരോഗ്യനയം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) അതിനു മുന്നോടിയായി ജനറിക് മരുന്നുകൾ സൗജന്യമായി നല്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) ജനറിക് മരുന്നുകൾ മാത്രമേ ഡോക്ടർമാർ കുറിച്ചു നല്കുവാൻ പാടുള്ളൂ എന്ന് വ്യവസ്ഥ കൊണ്ടു വരാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ ആ നടപടി ബ്രാന്റ്ഡ് മരുന്നുകൾ ഉപയോഗിക്കാനുള്ള അവസരം നഷ്ടപ്പെടുത്തുന്നതാവുമെന്ന ഒരു വിഭാഗത്തിന്റെ ആക്ഷേപം പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

2012-13 ബഡ്ജറ്റില്‍ ആരോഗ്യവകുപ്പിന്‍ കീഴില്‍ വകയിരുത്തിയ പദ്ധതി, പദ്ധതിയേതര തുക

2521

ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2012-13 ബഡ്ജറ്റില്‍ ആരോഗ്യ വകുപ്പിന്‍ കീഴില്‍ ഓരോ ഹെഡ് ഓഫ് അക്കൗണ്ടിലും വകയിരുത്തിയ പദ്ധതി, പദ്ധതിയേതര തുകയും ഇതുവരെയുള്ള ചെലവിന്റെ വിശദാംശങ്ങളും നല്‍കാമോ;

(ബി) 2012-13 വര്‍ഷം ആരോഗ്യ-കുടുംബക്ഷേമ വകുപ്പിന് അനുവദിച്ച കേന്ദ്രാവിഷ്കൃത പദ്ധതി ഏതൊക്കെയാണെന്നും ഓരോന്നിനും വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും എത്രയെന്നും അറിയിക്കുമോ ?

# കേരള നിയമസഭ
# 14.02.2013-ലെ മറുപടിക്ക്

ആരോഗ്യപരിപാലനത്തിനായി ചെലവഴിച്ച തുക

2522 ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യ പരിപാലനത്തിനായി എൻ. ആർ.എച്ച്.എം ഉൾപ്പെടെ കഴിഞ്ഞ 5 വർഷം അനുവദിച്ചതും ചെലവഴിച്ചതുമായതുക സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഇത് സംബന്ധിച്ച് ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ; ഇതിൽ കഴിഞ്ഞ 5 വർഷം മലപ്പുറം ജില്ലയ്ക്ക് വേണ്ടി അനുവദിച്ചതും വിനിയോഗിച്ചതുമായ തുക സംബന്ധിച്ച വിശദാംശങ്ങൾകൂടി ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് എൻ.ആർ.എച്ച്.എം. പദ്ധതിയിലെ ഡോക്ടർമാരുടേയും, ജീവനക്കാരുടേയും നിയമനങ്ങളിൽ സംവരണം പാലിച്ചിട്ടുണ്ടോ; നിലവിലുള്ള ജീവനക്കാരുടെ സമുദായം തിരിച്ചുള്ള കണക്കുകൾ പ്രാദേശികവും ജില്ലാതലവും, സംസ്ഥാനതലത്തിലുമായി നൽകുമോ;

(സി) കരാർ അടിസ്ഥാനത്തിലും അല്ലാതെയും എൻ. ആർ. എച്ച്.എം.-ൽ നിയമനം നടത്തുമ്പോൾ സംവരണം പാലിക്കുന്നുണ്ടോ; ഇല്ലെങ്കിൽ, നിയമനങ്ങളിൽ സംവരണതത്വം പാലിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) മലപ്പുറം ജില്ലയിൽ ജനസംഖ്യാനുപാതികമായി ആരോഗ്യകേന്ദ്രങ്ങൾ നിലവിലില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാനും ആരോഗ്യ പരിപാലന കേന്ദ്രങ്ങൾ അനുവദിക്കാനും ആവശ്യമായ ഫണ്ടും, ജീവനക്കാരേയും അനുദിക്കാനും തയ്യാറാകുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>അക്ഷയ വിദ്യാലയ പ്രചാരണ പരിപാടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍</u>

2523 ശ്രീ. കെ. ശിവദാസന്‍ നായര്‍
,, ബെന്നി ബെഹനാന്‍
,, വര്‍ക്കല കഹാര്‍
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അക്ഷയ വിദ്യാലയ പ്രചാരണ പരിപാടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാം ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാം ; വിശദാംശങ്ങള്‍ നല്‍കുമോ ;

(സി) ഈ പദ്ധതിയുടെ മുദ്രാവാക്യങ്ങള്‍ എന്തെല്ലാം ; വിശദമാക്കുമോ ;

(ഡി) ജനങ്ങളില്‍ ക്ഷയരോഗ ബോധവത്ക്കരണം നടത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഉള്‍പ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങള്‍ എന്തെല്ലാം ;

(ഇ) കേന്ദ്ര ക്ഷയരോഗ വിഭാഗം എന്തെല്ലാം സഹായങ്ങളാണ് ഇതിന് വേണ്ടി നല്‍കുന്നത് ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>കേരള ആരോഗ്യശ്രീ പദ്ധതിയുടെ പ്രവർത്തനങ്ങൾ</u>

T2524 ശ്രീ. പി. സി. വിഷ്ണുനാഥ്
,, വർക്കല കഹാർ
,, സി. പി. മുഹമ്മദ്
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'കേരള ആരോഗ്യശ്രീ' പദ്ധതി ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം രോഗങ്ങളുടെ സൗജന്യ ചികിത്സക്കാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത് ;

(ഡി) ഏതെല്ലാം ആശുപത്രികളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത് ?

**കേരള നിയമസഭ**
**14.02.2013-ലെ മറുപടിക്ക്**

<u>ഏകീകൃത പൊതുജനാരോഗ്യനിയമം</u>

2525 ശ്രീ. പി.കെ. ബഷീർ
,, എൻ. ഷംസുദ്ദീൻ
,, പി.ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏകീകൃത പൊതുജനാരോഗ്യനിയമം ഉണ്ടാകേണ്ടതിന്റെ ആവശ്യകത ബോധ്യമായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, അതിനുവേണ്ടിയുള്ള നിയമനിർമ്മാണം സംബന്ധിച്ച നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; നടപടികൾ ത്വരിതപ്പെടുത്തുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>ആരോഗ്യ സർവ്വേ</u>

2526 ശ്രീ. വർക്കല കഹാർ
,, അൻവർ സാദത്ത്
,, വി. റ്റി. ബൽറാം
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യ സർവ്വേ നടത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ;

(സി) ആരോഗ്യ മേഖലയിൽ നടപ്പാക്കേണ്ട കർമ്മ പദ്ധതി തയ്യാറാക്കുന്നതിൽ സർവ്വേ എത്രമാത്രം സഹായകരമാകും എന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) ഇതുമായി ഏതെല്ലാം ഏജൻസികളാണ് സഹകരിക്കുന്നത്;

(ഇ) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>കനേഡിയൻ സഹായത്തോടെ ആരോഗ്യ സർവ്വേ</u>

2527 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കനേഡിയൻ സഹായത്തോടെ സംസ്ഥാനത്ത് ആരോഗ്യ സർവ്വേ നടത്താൻ തീരുമാനിച്ചിട്ടുണ്ടോ:

(ബി) ഉണ്ടെങ്കിൽ, സർവ്വേയിലൂടെ എന്തെല്ലാം വിവരങ്ങളാണ് ശേഖരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) സർവ്വേ എപ്പോൾ ആരംഭിച്ച് എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചത് എന്ന് വ്യക്തമാക്കുമോ;

(ഡി) എല്ലാ വീടുകളും സർവ്വേയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) സർവ്വേ നടത്താൻ ഏത് തരം ജീവനക്കാരെയാണ് നിയോഗിക്കാൻ തീരുമാനിച്ചിട്ടുള്ളത്;

(എഫ്) കേരളത്തിലെ ജനങ്ങളുടെ ആരോഗ്യ വിവരങ്ങൾ വിദേശ ഏജൻസികളുടെ കൈകളിലെത്തുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**14.02.2013-ലെ മറുപടിക്ക്**

<u>രോഗികളും ഡോക്ടർമാർ അടക്കമുള്ള ജീവനക്കാരും തമ്മിലുള്ള അനുപാതം</u>

2528 ശ്രീമതി ജമീലാപ്രകാശം
ശ്രീ. മാത്യു റ്റി. തോമസ്
'' സി.കെ. നാണു
'' ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ മേഖലയിലെ ആശുപത്രികളിൽ കിടക്കകളുടെ എണ്ണവും ഡോക്ടർമാരടക്കുള്ള ജീവനക്കാരുടെ എണ്ണവും തമ്മിലുള്ള അനുപാതം നിർണ്ണയിച്ചിട്ടുണ്ടോ;

(ബി) ഉപധനാഭ്യർത്ഥനകളിലും മറ്റുമായി ചില ആശുപത്രികളിൽ മാത്രം തസ്തികകൾ വർദ്ധിപ്പിക്കുന്ന പ്രവണത അവസാനിപ്പിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഡോക്ടർമാരും നഴ്സുമാരും മറ്റുള്ള ജീവനക്കാരും കുറവുള്ള ആശുപത്രികളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) എങ്കിൽ, സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>സ്വകാര്യ ആശുപത്രികൾ ഈടാക്കുന്ന ഫീസ്</u>

2529 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സ്വകാര്യ ആശുപത്രികളിൽ ഒ. പി. വിഭാഗം രോഗികളിൽ നിന്നും ഈടാക്കുന്ന തുകയ്ക്ക് എന്തെങ്കിലും മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ;

(ബി) ഒരേ സ്വഭാവത്തിലും സൗകര്യത്തിലുള്ളതുമായ ആശുപത്രികൾ പോലും വ്യത്യസ്ത ഫീസുനിരക്കാണ് ഈടാക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതു സംബന്ധിച്ച് പഠിക്കുന്നതിനും രോഗികളിൽ നിന്നും ഈടാക്കാവുന്ന തുക സംബന്ധിച്ച് വ്യക്തത വരുത്തുന്നതിനുമായി എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ, ആയതിലേക്ക് ആവശ്യമായ സംവിധാനം ഉണ്ടാക്കുന്നതിന് തയ്യാറാവുമോ ?

## കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

ഇലക്ട്രോണിക് ഹെൽത്ത് റെക്കോർഡ്

2530 ശ്രീ.സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ ജനങ്ങളുമായി ബന്ധപ്പെട്ട് ഇലക്ട്രോണിക് ഹെൽത്ത് റെക്കോർഡ് വികസിപ്പിച്ചെടുക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി ഏത് ഏജൻസിവഴിയാണ് നടപ്പിലാക്കുന്നത്?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ തേടണമെന്ന നിബന്ധന</u>

2531

ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ആരോഗ്യ വകുപ്പിന്റെ ഡിസ്പെൻസറികൾ മുതൽ ജില്ലാ തല ആശുപത്രികൾ വരെ ത്രിതല പഞ്ചായത്തുകൾക്ക് കൈമാറുകയും ഇവിടെ കെട്ടിടങ്ങൾ നിർമ്മിക്കാനും പരിപാലിക്കാനും ആവശ്യമായ ചുമതലകളും അധികാരങ്ങളും പഞ്ചായത്തുകൾക്കുണ്ടെന്നിരിക്കെ എം.എൽ.എ.യുടെ നിയമസഭാ മണ്ഡലം ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾക്ക് വകുപ്പിന്റെ സംസ്ഥാന നേതൃത്വത്തിൽ നിന്ന് ഭരണാനുമതി തേടണമെന്ന നിബന്ധന ഒഴിവാക്കാമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>ആരോഗ്യവകുപ്പ് നടപ്പാക്കിയ ഇൻഷ്വറൻസ് പദ്ധതികൾ</u>

2532 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പ് ഏതെല്ലാം തരത്തിലുള്ള ഇൻഷുറൻസ് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഏതെല്ലാം വിഭാഗങ്ങൾക്കാണ് ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ ലഭ്യമാകുന്നത്;

(സി) ഏതെല്ലാം കമ്പനികളാണ് ഇൻഷ്വറൻസ് പദ്ധതികളുമായി സഹകരിക്കുന്നത്;

(ഡി) ഏതെല്ലാം ആശുപത്രികളിൽ ഏതെല്ലാം തരം രോഗങ്ങൾക്കും ചികിത്സകൾക്കുമാണ് ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ ലഭ്യമാകുന്നത്; വിശദമാക്കുമോ?

## കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

മരണാനന്തരം അവയവദാനം നടത്താൻ സംവിധാനം

2533 ശ്രീ. റ്റി. എൻ. പ്രതാപൻ
,, സണ്ണിജോസഫ്
,, എം. എ. വാഹിദ്
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മരണാനന്തരം അവയവദാനം നടത്താൻ ആഗ്രഹിക്കുന്നവർക്കും ആന്തരികവയവങ്ങൾ ആവശ്യമുള്ളവർക്കും രജിസ്റ്റർ ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ സവിശേഷതകളും പ്രവർത്തനരീതിയും എന്തൊക്കെയാണ് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) ഇതിനായി, ആശുപത്രികളിലും ഭരണതലത്തിലും എന്തെല്ലാം കാര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത് ;

(ഡി) പ്രസ്തുത സംവിധാനത്തിന്റെ ഓ-കോർഡിനേറ്റർ ആരാണ് ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>മസ്തിഷ്ക്കമരണം സംഭവിച്ചവരിൽ നിന്നുള്ള
അവയവദാനപദ്ധതി</u>

2534 ശ്രീ. മുല്ലക്കര രത്നാകരൻ
,, ഇ. ചന്ദ്രശേഖരൻ
,, കെ. രാജു
,, ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മസ്തിഷ്ക്കമരണം സംഭവിച്ചവരിൽ നിന്നുള്ള അവയവദാനപദ്ധതി പൂർണ്ണതോതിൽ നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി പ്രകാരം ഏതെല്ലാം അവയവങ്ങൾ മാറ്റിവെയ്ക്കാൻ കഴിയും; ഓരോ അവയവത്തിനുമായി എത്രപേർ വീതം ഇതിനകം പേര് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നു വെളിപ്പെടുത്തുമോ;

(സി) ഇക്കാര്യത്തിൽ ആഭ്യന്തരവകുപ്പിന്റെ സമ്മതം ആവശ്യമായിട്ടുണ്ടോ; ആയത് ലഭ്യമായിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ, ആഭ്യന്തരവകുപ്പിന്റെ ഇക്കാര്യത്തിന്മേലുള്ള അഭിപ്രായം എന്താണെന്നു വിശദമാക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

അന്ധതാ നിവാരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് പദ്ധതി

2535 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യവകുപ്പിന് കീഴിലുള്ള അന്ധതാ നിവാരണ സമിതികളിൽ നേത്ര പരിശോധനാ ഉപകരണങ്ങൾ, സർജിക്കൽ ഉപകരണങ്ങൾ, മരുന്നുകൾ, തിമിര രോഗികൾക്ക് ആവശ്യമുള്ള സാധനങ്ങൾ എന്നിവ വാങ്ങുന്നതിന് 2012-13 സാമ്പത്തിക വർഷം ഇതുവരെ എത്ര ഫണ്ട് ലഭ്യമാക്കിയിട്ടുണ്ട് ; ഇതിൽ, ചെലവഴിച്ചത് എത്ര ; ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കുമോ ;

(ബി) ഗ്രാമപ്രദേശങ്ങളിലെ അന്ധതാ നിവാരണ പ്രവർത്തനങ്ങൾ വേണ്ടവിധം കാര്യക്ഷമമാക്കുന്നതിനായി എല്ലാ പി.എച്ച്.സി.-കളിലും സി.എച്ച്.സി.-കളിലും ഒപ്റ്റോമെട്രിസ്റ്റുകളെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) അന്ധതാ നിവാരണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

**ആരോഗ്യകേരളം പരിശീലന പരിപാടിയിൽ പങ്കെടുത്തവർക്ക് ബത്ത നല്കാൻ നടപടി**

2536 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2009-ൽ ആരോഗ്യകേരളം പരിപാടിയുടെ ഭാഗമായി കോട്ടയം ജില്ലയിൽവച്ച് മെഡിക്കൽ ഓഫീസർമാർ ഉൾപ്പെടെയുള്ള ആരോഗ്യവകുപ്പിലെ നൂറുകണക്കിന് ജീവനക്കാർക്ക് വേണ്ടി നടത്തിയ ത്രിദിന പരിശീലന പരിപാടിയിൽ പങ്കെടുത്തവർക്ക് അനുവദനീയ ബത്ത ലഭ്യമായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടതിൻമേൽ ആയത് അർഹരായവർക്ക് ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ബത്തകൾ അർഹരായവർക്ക് നാളിതുവരെ ലഭ്യമാക്കിയിട്ടില്ലെങ്കിൽ ആയതിന്റെ സാഹചര്യം എന്തെന്നുള്ളതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(സി) സമയബന്ധിതമായി പ്രസ്തുത ബത്തകൾ അർഹരായവർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**

**14.02.2013-ലെ മറുപടിക്ക്**

ആരോഗ്യ വകുപ്പിന് കീഴിലുള്ള ചികിത്സാ കേന്ദ്രങ്ങൾ കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനുള്ള നടപടി

T2537 ശ്രീ. റ്റി. എൻ. പ്രതാപൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, ആർ. സെൽവരാജ്
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആരോഗ്യ വകുപ്പിന് കീഴിലുള്ള ചികിത്സാ കേന്ദ്രങ്ങളെ കമ്പ്യൂട്ടർ ശൃംഖല വഴി ബന്ധിപ്പിക്കുന്നതിന് പദ്ധതി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ എല്ലാവരുടെയും ആരോഗ്യ സംബന്ധമായ വിവരങ്ങൾ സൂക്ഷിക്കുന്നതിനാവശ്യമായ സംവിധാനം ഈ പദ്ധതിയിൽ ഉൾപ്പെടുത്തുമോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) ഏതെല്ലാം ഏജൻസികളാണ് ഈ പദ്ധതിയുടെ നടത്തിപ്പിനായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഇ) ഇതിനായി എന്തെല്ലാം കാര്യങ്ങളാണ് ചെയ്തിട്ടുള്ളത്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>ആരോഗ്യസംബന്ധമായ വിവരങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതിനു പദ്ധതി</u>

2538 ശ്രീ. സണ്ണി ജോസഫ്
,, എം. എ. വാഹീദ്
,, അൻവർ സാദത്ത്
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ ആളുകളുടെയും ആരോഗ്യസംബന്ധമായ വിവരങ്ങൾ ഓൺലൈനിൽ ലഭ്യമാക്കുന്നതിനു പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ആരോഗ്യ-ചികിത്സാരംഗങ്ങളിൽ വലിയ മാറ്റം വരുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) എന്തെല്ലാം കേന്ദ്ര സഹായമാണ് പദ്ധതി നടപ്പാക്കാൻ ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(ഇ) പദ്ധതി നടപ്പാക്കുന്നതിന് ഏതെല്ലാം ഏജൻസികളുമായാണ് സഹകരിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 14.02.2013-ലെ മറുപടിക്ക്

പെൺകുട്ടികളുടെ ജനനനിരക്കിലുണ്ടായ കുറവ്

2539 ശ്രീ. എം. ഉമ്മർ
,, പി. ഉബൈദുള്ള
,, കെ.എൻ.എ. ഖാദർ
,, അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പെൺകുട്ടികളുടെ ജനനനിരക്ക് കുറഞ്ഞു വരുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇതുമൂലം ഉണ്ടാകുന്ന സാമൂഹ്യ ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് പഠിച്ചിട്ടുണ്ടോ;

(ബി) ഈ സ്ഥിതി വിശേഷത്തിനുള്ള കാരണങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ;

(സി) സാമ്പത്തിക മുന്നോക്കാവസ്ഥ മുൻകൂറായുള്ള ലിംഗ നിർണ്ണയം, ഗർഭഛിദ്ര സൗകര്യങ്ങളുടെ ആധിക്യം എന്നീ ഘടകങ്ങൾക്ക് ഇക്കാര്യത്തിലുള്ള പങ്ക് പരിശോധിച്ച് പരിഹാര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

കേരളത്തിലെ കാൻസർ രോഗ ബാധിതർ

2540 ശ്രീ. എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാനത്ത് കാൻസർ രോഗം ബാധിച്ച വരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) കാൻസർ രോഗികൾക്ക് എന്തെല്ലാം ആശ്വാസ നടപടികളാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; കാൻസർ രോഗ ചികിത്സയ്ക്ക് എന്തെല്ലാം പ്രത്യേക ചികിത്സാ സൗകര്യങ്ങളാണ് സർക്കാർ ഒരുക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) കേരളത്തിൽ വർദ്ധിച്ചുവരുന്ന കാൻസർ രോഗബാധ സംബന്ധിച്ച് മറ്റു സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തി ഒരു പഠനം നടന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ, വിശദ വിവരം വെളിപ്പെടുത്തുമോ ?

## കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

കാൻസർ രോഗികൾ

2541 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കാൻസർ രോഗികളുടെ എണ്ണം ക്രമാതീതമായി വർധിച്ചുവരുന്നു എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരളത്തിൽ പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലാണ് കാൻസർ രോഗികൾ ഏറ്റവും കൂടുതലുള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കാൻസർ രോഗം അനിയന്ത്രിതമായി പടരുന്നതിന്റെ കാരണം പഠിക്കുന്നതിനായി സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ഡി) നിലവിൽ കേരളത്തിൽ കാൻസറിന് വിദഗ്ധ ചികിത്സ എവിടെയെല്ലാമാണ് ലഭ്യമായിട്ടുള്ളത്; കാൻസർ അനിയന്ത്രിതമായി വർധിച്ച സാഹചര്യത്തിൽ, സംസ്ഥാനത്തെ എല്ലാ ജില്ലാ ആശുപത്രികളിലും ജനറൽ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും ഓങ്കോളജി ഡിപ്പാർട്ട്മെന്റ് ആരംഭിക്കുമോ; വിദഗ്ധരായ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുമോ;

(ഇ) സംസ്ഥാനത്തെ പി.എച്ച്.സി.കളിൽ സന്നദ്ധ-രാഷ്ട്രീയ സംഘടനകളുടെ സഹായത്തോടെ കാൻസർ നിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് ധനസഹായം ലഭ്യമാക്കുമോ; വിശദാംശം നൽകാമോ;

(എഫ്) എല്ലാ കാൻസർ രോഗികൾക്കും ചികിത്സയും മരുന്നും തികച്ചും സൗജന്യമായി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ജി) കാൻസർ രോഗികളുടെ പുനരധിവാസത്തിനായി, എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ അത്യാവശ്യ സൗകര്യങ്ങൾ

2542

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിലെ ജനറൽ വാർഡിലെ രോഗികൾക്ക് അത്യാവശ്യ സൗകര്യങ്ങൾ ഒരുക്കുന്നതിൽ അധികൃതർ വേണ്ടത്ര ജാഗ്രത പാലിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പരസഹായമില്ലാതെ ജീവിക്കാൻ കഴിയാത്ത രോഗികൾക്ക്, പ്രാഥമിക കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് വേണ്ടത്ര സൗകര്യമില്ലാത്തതും, കൂട്ടിരിപ്പുകാർക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കാത്തതിനാലും രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ വിലയിരുത്തിയിട്ടുണ്ടോ;

(സി) ജനറൽ വാർഡുകളിൽ കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിനും, കൂട്ടിരിപ്പുകാർക്ക് താമസിക്കുന്നതിനും രോഗിയെ പരിചരിക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുവാൻ നിർദ്ദേശം നൽകുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

റിയൽ ടൈം 'പി. സി. ആർ'. ടെസ്റ്റ്

2543 ശ്രീ. എം. ഉമ്മർ
,, വി.എം. ഉമ്മർ മാസ്റ്റർ
,, എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രോഗികളുടെ രക്തത്തിലെ എച്ച്.ഐ.വി. അണുബാധ മുൻകൂട്ടി നിർണ്ണയിക്കുന്നതിന് റിയൽ ടൈം പി.സി. ആർ. എന്ന ടെസ്റ്റ് സംസ്ഥാനത്ത് ആരോഗ്യ വകുപ്പിന് കീഴിലുള്ള ഏതെങ്കിലും സ്ഥാപനങ്ങളിൽ നിലവിലുണ്ടോ;

(ബി) ഇതിന്റെ ഒരു യൂണിറ്റ് സ്ഥാപിക്കുന്നതിന് ആവശ്യമായ ചെലവ് എത്രയാണ്; വിശദാംശം നല്കുമോ;

(സി) ഇത്തരം യൂണിറ്റുകൾ കേരളത്തിലെ എല്ലാ മെഡിക്കൽ കോളേജുകളിലും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നല്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>പെന്റാവലന്റ് വാക്സിൻ</u>

2544 ശ്രീ. ഇ. ചന്ദ്രശേഖരൻ
,, ചിറ്റയം ഗോപകുമാർ
,, വി. ശശി
ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികൾക്ക് പെന്റാവലന്റ് വാക്സിൻ നൽകുന്നുണ്ടോ ; ഉണ്ടെങ്കിൽ, കുട്ടികൾക്ക് പെന്റാവലന്റ് വാക്സിൻ നൽകിയതിനെത്തുടർന്ന് പാർശ്വഫലങ്ങൾ ഉണ്ടായ എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; ഇതിന്റെ ഫലമായി സംസ്ഥാനത്ത് മരണങ്ങൾ ഉണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ, എത്ര ;

(ബി) എന്തെല്ലാം രോഗങ്ങളെ ചെറുക്കുന്നതിനാണ് ഈ വാക്സിൻ നൽകുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പ്രതിരോധ കുത്തിവയ്പിന്റെ സുരക്ഷിതത്വത്തെ സംബന്ധിച്ച് ആശങ്ക ഉയർന്നിരിക്കുന്നതിനാൽ ആയതിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>ഡയാലിസിസ് യൂണിറ്റുകൾ</u>

2545 ശ്രീ. സി. പി. മുഹമ്മദ്
'' ഐ. സി. ബാലകൃഷ്ണൻ
'' വി. പി. സജീന്ദ്രൻ
'' എ.റ്റി ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡയാലിസിസ് യൂണിറ്റുകൾ ഇപ്പോൾ ഏതെല്ലാം ആശുപത്രികളിൽ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഏതെല്ലാം പദ്ധതിയുടെ അടിസ്ഥാനത്തിലാണ് ഈ ഡയാലിസിസ് യൂണീറ്റുകൾ പ്രവർത്തിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എവിടെയെല്ലാമാണ് പുതിയ ഡയാലിസിസ് യൂണീറ്റുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നത്;

(ഡി) നിലവിലുള്ള യൂണിറ്റുകളുടെ മെയിന്റനൻസ് നടത്തുവാൻ എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>സർക്കാർ ആശുപത്രികളിൽ സൗജന്യ ഡയാലിസിസ് സൗകര്യം</u>

2546 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എല്ലാ സർക്കാർ ആശുപത്രികളിലും സൗജന്യ ഡയാലിസിസ് സൗകര്യമേർപ്പെടുത്തുന്ന പദ്ധതി പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ, ഏതെല്ലാം ആശുപത്രികളിലാണ് ഈ പദ്ധതി നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ ;

(സി) ഈ കേന്ദ്രങ്ങളിൽ ഇതുവരെ എത്രപേർക്ക് സേവനം നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ ?

## കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>പേവിഷ പ്രതിരോധ മരുന്ന് ക്ഷാമം</u>

2547 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പേവിഷ പ്രതിരോധ മരുന്ന് ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, ഇതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(സി) പ്രതിരോധ മരുന്ന് ക്ഷാമം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>പേപ്പട്ടി വിഷത്തിനെതിരെയുള്ള കുത്തിവെപ്പ്</u>

2548 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പേപ്പട്ടി വിഷത്തിനെതിരെയുള്ള കുത്തിവെപ്പ് ഏതെല്ലാം സര്‍ക്കാര്‍ ആശുപത്രികളിലാണ് നടത്തിവരുന്നത്;

(ബി) ഏതുതരം കുത്തിവെപ്പാണ് ആശുപത്രികളില്‍ ഇപ്പോള്‍ നടത്തിവരുന്നത്;

(സി) ഇന്‍ട്രാ ഡെര്‍മന്‍ റാബീസ് വാക്സിന്‍ (ഐ.ഡി.ആര്‍.വി) ഇപ്പോള്‍ നല്‍കിവരുന്നുണ്ടോ;

(ഡി) പല സര്‍ക്കാര്‍ ആശുപത്രികളിലും ഈ കുത്തിവെപ്പ് നടത്തുന്നില്ല എന്ന പരാതി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഇ) എല്ലാ സര്‍ക്കാര്‍ ആശുപത്രികളിലും ഈ കുത്തിവെപ്പ് നടത്താന്‍ നടപടികള്‍ സ്വീകരിക്കുമോ;

(എഫ്) സംസ്ഥാനത്തെ പല താലൂക്ക് ആശുപത്രികളിലും കമ്മ്യൂണിറ്റി ഹെല്‍ത്ത് സെന്ററുകളിലും 24 മണിക്കൂറും പേപ്പട്ടി വിഷത്തിനെതിരെയുള്ള കുത്തിവെപ്പിനുള്ള സൗകര്യം ഇല്ല എന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കില്‍, ഇതു പരിഹരിക്കുവാന്‍ ആവശ്യമായ നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>വ്യാജപരസ്യത്തിലൂടെ വിൽക്കുന്ന സൗന്ദര്യ വർധക വസ്തുക്കളും, മരുന്നുകളും</u>

2549 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജപരസ്യങ്ങളിലൂടെ വിറ്റഴിക്കപ്പെടുന്ന സൗന്ദര്യവർധക വസ്തുക്കൾ, മരുന്നുകൾ എന്നിവയുടെ വില്പന തടയുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇത്തരം ഉൽപന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് ആരോഗ്യവകുപ്പിന് എന്ത് സംവിധാനമാണുള്ളത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 14.02.2013-ലെ മറുപടിക്ക്

ജീവിതശൈലീരോഗങ്ങൾ

2550

ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജീവിതശൈലീരോഗങ്ങൾ നിയന്ത്രിക്കുന്നതിനും കുറയ്ക്കുന്നതിനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ / പരിപാടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ;

(ബി) കോഴിക്കോട് ഡി.എം.ഒ. യുടെ കീഴിൽ ജില്ലയിൽ എന്തെല്ലാം പദ്ധതികൾ / പ്രവർത്തനങ്ങൾ നടന്നുവരുന്നു എന്ന് വ്യക്തമാക്കാമോ;

(സി) കോഴിക്കോട് ഡി.എം.ഒ. സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>പാൻമസാല നിരോധനം</u>

2551 ശ്രീ. സി. പി. മുഹമ്മദ്
,, ബെന്നി ബഹനാൻ
,, ജോസഫ് വാഴക്കൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാൻമസാല നിരോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) നിരോധനം നടപ്പാക്കുന്നതിന്, എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി സ്കൂൾ പരിസരപ്രദേശങ്ങളിൽ, കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) നിരോധനം കർശനമാക്കുന്നതിന്, ഏതെല്ലാം ഏജൻസികളുമായി ചേർന്നാണ് പ്രവർത്തിക്കുന്നത് ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>പച്ചക്കറികളിലെ കീടനാശിനി സാന്നിദ്ധ്യം</u>

2552 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിറ്റഴിക്കുന്ന, അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള പച്ചക്കറികളിലും പഴങ്ങളിലും മാരകമായ കീടനാശിനികളുടെ അമിതസാന്നിദ്ധ്യം ഉള്ളതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, ഇത് സംബന്ധിച്ച് ഏതെങ്കിലും വിഭാഗം പരിശോധന നടത്തുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) വിഷാംശം അടങ്ങിയ പച്ചക്കറികളും പഴവർഗ്ഗങ്ങളും വിറ്റഴിക്കുന്നവർക്കെതിരെ സർക്കാർ തലത്തിൽ ശിക്ഷാ നടപടി കൈക്കൊള്ളാറുണ്ടോ; ഉണ്ടെങ്കിൽ, എന്ത് ശിക്ഷാനടപടിയാണ് അവർക്കെതിരെ കൈക്കൊള്ളുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>സാംക്രമിക രോഗങ്ങളുടെ നിയന്ത്രണ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയ തുക</u>

2553 ശ്രീ. ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചിക്കുൻ ഗുനിയ, ഡെങ്കിപ്പനി, കോളറ, മഞ്ഞപ്പിത്തം തുടങ്ങിയ സാംക്രമികരോഗങ്ങളുടെ നിയന്ത്രണപ്രവർത്തനങ്ങൾക്കായി 2012-2013 ബഡ്ജറ്റിൽ എത്രതുകയാണ് വകയിരുത്തിയതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത രോഗനിയന്ത്രണ പ്രവർത്തനങ്ങൾക്കും ആരോഗ്യ സേവനസൗകര്യങ്ങൾ ഒരുക്കുന്നതിനുമായി, എത്ര തുക നാളിതുവരെ ചെലവഴിച്ചിട്ടുണ്ടെന്നത് സംബന്ധിച്ച് ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) 2012 ഏപ്രിൽ ഒന്നുമുതൽ നാളിതുവരെ സംസ്ഥാനത്ത് ഡെങ്കിപ്പനി, ചിക്കുൻ ഗുനിയ, കോളറ, മഞ്ഞപ്പിത്തം എന്നിവ പിടിപ്പെട്ട രോഗബാധിതർ എത്ര; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

വിവിധതരം പനികൾ ബാധിച്ച് മരണപ്പെട്ടവരുടെ കണക്ക്

2554 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് ആകെ എത്രപേർ പകർച്ചപ്പനി, ഡെങ്കിപ്പനി, എലിപ്പനി, തക്കാളിപ്പനി, മലമ്പനി, മറ്റുവിവിധതരം പനികൾ എന്നിവ ബാധിച്ച് മരണപ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) കഴിഞ്ഞ രണ്ട് മാസത്തിനകം വയനാട് ജില്ലയിൽ, അരിവാൾ രോഗം ബാധിച്ച് എത്ര മരണം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>മലേറിയ നിർമ്മാർജ്ജനം</u>

2555 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീരപ്രദേശങ്ങളിൽ മലേറിയബാധ റിപ്പോർട്ട് ചെയ്യപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) യുദ്ധകാലാടിസ്ഥാനത്തിൽ പ്രതിരോധ പ്രവർത്തനം നടത്തേണ്ടതിനു പകരം കുറ്റകരമായ അലംഭാവമാണ് ബന്ധപ്പെട്ടവരിൽ നിന്നുണ്ടാകുന്നതെന്ന പരാതിയും പത്രവാർത്തകളും പരിശോധിച്ചിട്ടുണ്ടോ;

(സി) അന്യസംസ്ഥാന തൊഴിലാളികളുടെ ബാഹുല്യവും അന്യസംസ്ഥാനങ്ങളിൽ നിന്നു മടങ്ങിവരുന്നവരുടെ എണ്ണം കൂടുകയും ചെയ്യുന്ന സാഹചര്യത്തിൽ മലേറിയ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ, എന്തു കരുതൽ നടപടി സ്വീകരിച്ചുവെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>കുട്ടനാട്ടിൽ ജലജന്യരോഗങ്ങൾ</u>

2556 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ ജലജന്യരോഗങ്ങൾ പടർന്ന് പിടിക്കുന്നത് തടയുന്നതിന്, എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) 2012-13 ൽ പ്രസ്തുത വിഷയത്തിൽ എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 14.02.2013-ലെ മറുപടിക്ക്

<u>ജലജന്യരോഗങ്ങളും പകർച്ചാ വ്യാധികളും</u>

2557 പ്രൊഫ. സി.രവീന്ദ്രനാഥ്
ശ്രീ. സി.കെ.സദാശിവൻ
ഡോ. കെ.ടി.ജലീൽ
ശ്രീ. സി.കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രത്യേകിച്ച് പട്ടണങ്ങളിൽ ജലജന്യ രോഗങ്ങളും മറ്റു പകർച്ച വ്യാധികളും വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എലി, കൊതുക്, തുടങ്ങിയ ജീവികൾ പരത്തുന്ന രോഗങ്ങളും വർദ്ധിച്ചുവരുന്നതിന്റെ കാരണം വിലയിരുത്താമോ;

(സി) രോഗബാധ നിയന്ത്രിക്കാനും രോഗ വ്യാപനം തടയാനും എന്തൊക്കെ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കാമോ;

(ഡി) കേരളത്തിൽ നിന്ന് നിർമാർജ്ജനം ചെയ്യപ്പെട്ടിരുന്ന മലേറിയ തീരപ്രദേശത്ത് വ്യാപിക്കുന്നത് തടയാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ;

(ഇ) ഡോക്ടർമാർ ഉൾപ്പെടെ അധിക ജീവനക്കാരെ നിയമിക്കുമെന്ന് നൽകിയ ഉറപ്പ് പാലിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>സ്വകാര്യ ഒാപ്റ്റിക്കല്‍ ഷോപ്പുകള്‍</u>

2558 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ആരോഗ്യവകുപ്പിലും മെഡിക്കല്‍ വിദ്യാഭ്യാസ വകുപ്പിലുമായി, എത്ര ഒപ്ടോ മെട്രിക്സുമാര്‍ ജോലിചെയ്യുന്നുണ്ടെന്നുള്ള വകുപ്പ് തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) ഇവരില്‍, ആരെങ്കിലും സ്വകാര്യ ഒാപ്റ്റിക്കല്‍ ഷോപ്പ് നടത്തുന്നതായോ സ്വകാര്യ ഒാപ്റ്റിക്കല്‍ ഷോപ്പില്‍ പ്രാക്ടീസ് നടത്തുന്നതായോ പരാതികള്‍ ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കില്‍, പ്രസ്തുത പരാതികളിന്‍മേല്‍ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**14.02.2013-ലെ മറുപടിക്ക്**

<u>കണ്ണടകൾക്ക് വില നിശ്ചയിക്കാൻ നടപടി</u>

2559 ശ്രീമതി. കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കണ്ണട വില്പന നടത്തുന്ന കടകൾക്ക്, ആരോഗ്യ വകുപ്പിന്റെ എന്തെങ്കിലും ലൈസൻസ് ആവശ്യമുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ആരാണ് പ്രസ്തുത കടകൾക്ക് ലൈസൻസ് നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കണ്ണട വില്പന സംബന്ധിച്ച എന്തെല്ലാം നിയമ വ്യവസ്ഥകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) കണ്ണടകളുടെ വില നിശ്ചയിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും മാനദണ്ഡങ്ങൾ കൊണ്ടുവന്നിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ പ്രസ്തുത മാനദണ്ഡങ്ങൾ എന്തെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>സ്വകാര്യ ലാബുകൾ</u>

2560 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യരംഗത്തെ ടെസ്റ്റുകൾ നടത്തുന്ന എത്ര സ്വകാര്യ ലാബുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) നിർദ്ദിഷ്ട യോഗ്യതയുള്ളവരാണോ പ്രസ്തുത ലാബുകളിൽ ടെക്നീഷ്യൻമാരായി പ്രവർത്തിക്കുന്നത് എന്ന് പരിശോധന നടത്തിയിട്ടുണ്ടോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം യോഗ്യത ഇല്ലാത്ത ടെക്നീഷ്യൻമാരെക്കൊണ്ട് പ്രവർത്തിപ്പിക്കുന്ന എത്ര ലാബുകൾക്കെതിരെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) അംഗീകൃത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നിർദ്ദിഷ്ട യോഗ്യതയുള്ള ടെക്നീഷ്യൻമാരുടെ മേൽനോട്ടത്തിൽ മാത്രം ലാബുകൾ പ്രവർത്തിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>അനലിറ്റിക്കൽ ലാബോറട്ടറികൾക്ക് അക്രഡിറ്റേഷൻ</u>

2561 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
,, പി. കെ. ബഷീർ
,, സി. മോയിൻകുട്ടി
,, പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അനലിറ്റിക്കൽ ലാബോറട്ടറികൾക്ക് നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ലാബോറട്ടറീസ് അക്രഡിറ്റേഷൻ ലഭിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) അക്രഡിറ്റേഷൻ ലഭിക്കാൻ വേണ്ട മാനദണ്ഡങ്ങൾ എന്തൊക്കെ യാണെന്ന് വിശദമാക്കുമോ ;

(സി) സംസ്ഥാനത്തെ അനലിറ്റിക്കൽ ലാബോറട്ടറികൾക്ക് നിശ്ചിത മാനദണ്ഡമനുസരിച്ചുള്ള സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>സ്വകാര്യ സ്വാശ്രയ നേഴ്സിംഗ് കോളേജുകൾ</u>

2562 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരക്കോണം സി.എസ്.ഐ, കണ്ണൂർ ധനലക്ഷ്മി, കോഴഞ്ചേരി പൊയ്യാനിൽ, കൊച്ചി വെൽകെയർ എന്നീ സ്വകാര്യ സ്വാശ്രയ നേഴ്സിംഗ് കോളേജുകളിൽ ഓരോന്നിലും കഴിഞ്ഞ തവണ എത്ര വിദ്യാർത്ഥികൾ വീതം പരീക്ഷ എഴുതിയെന്നും അതിൽ എത്ര പേർ വീതം വിജയിച്ചുവെന്നും പ്രത്യേകം പ്രത്യേകം വ്യക്തമാക്കുമോ;

(ബി) നേഴ്സിംഗ് പരീക്ഷയ്ക്കിരുത്തിയ ഒരു വിദ്യാർത്ഥിയെ പോലും വിജയിപ്പിക്കാൻ കഴിയാതിരുന്ന ഏതെങ്കിലും സ്വാശ്രയ കോളേജുകൾക്ക്, പുതിയ കോഴ്സുകളും സീറ്റും അനുവദിച്ചിട്ടുണ്ടോ;

(സി) എങ്കിൽ, ഏതെല്ലാം കോളേജുകളെന്നും, ഏതെല്ലാം പുതിയ കോഴ്സുകളാണ് അനുവദിച്ചതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിലെ സ്റ്റാഫ് പാറ്റേൺ</u>

2563 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിൽ ഡോക്ടർമാർ, നഴ്സുമാർ, നഴ്സിംഗ് അസിസ്റ്റന്റുമാർ മറ്റു പാരാമെഡിക്കൽ ജീവനക്കാർ എന്നിവരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ വിഭാഗത്തിലും ഒഴിവുള്ള തസ്തികകൾ പ്രത്യേകം പ്രത്യേകം ആശുപത്രി തിരിച്ചു വ്യക്തമാക്കുമോ;

(സി) നിലവിലുള്ള ഒഴിവുകൾ സമയബന്ധിതമായി നികത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ;

(ഡി) ഒഴിഞ്ഞു കിടക്കുന്നതടക്കമുള്ള തസ്തികകൾ തന്നെ അപര്യാപ്തമായതിനാൽ, സ്റ്റാഫ് പാറ്റേൺ പുതുക്കി നിർണ്ണയിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>മാനസികാരോഗ്യകേന്ദ്രങ്ങള്‍</u>

2564 ശ്രീ. എന്‍. ഷംസുദ്ദീന്‍
,, കെ. എം. ഷാജി
,, വി. എം. ഉമ്മര്‍ മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മാനസികാരോഗ്യകേന്ദ്രങ്ങളുടെ പരിപാലനവും പ്രവര്‍ത്തനവും സംബന്ധിച്ച് ഏതെങ്കിലും റിപ്പോര്‍ട്ട് ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കില്‍, അതില്‍ പ്രതിപാദിച്ചിട്ടുള്ള പ്രധാന ന്യൂനതകള്‍ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(സി) മാനസിക രോഗികളുടെ ചികിത്സ, പുനരധിവാസം എന്നിവ സംബന്ധിച്ച് എന്തൊക്കെ നടപടികള്‍ സ്വീകരിക്കാനാണ്
ഉദ്ദേശിക്കുന്നത് ;

(ഡി) അവരുടെ ചികിത്സാരീതികള്‍ പരിഷ്ക്കരിക്കാന്‍ ഉദ്ദേശ്യമുണ്ടോ ; എങ്കില്‍, അത് സംബന്ധിച്ച വിശദവിവരം നല്കുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>മാനസികാരോഗ്യകേന്ദ്രത്തിലെ ജീവനക്കാർക്ക് പരിശീലനം</u>

2565 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മാനസികാരോഗ്യകേന്ദ്രത്തിൽ നിന്ന് തുടർച്ചയായി രോഗികളെ കാണാതാവുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) മാനസികാരോഗ്യ കേന്ദ്രത്തിൽ വേണ്ടത്ര പരിശീലനം ലഭിക്കാത്ത ജീവനക്കാരാണ് ജോലി നോക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, അവർക്ക് പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

ഫോറൻസിക് സൈക്യാട്രി ബ്ലോക്കുകൾ

2566 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിൽ നിന്നും മാനസികാരോഗ്യ ആശുപത്രികളിൽ കൊണ്ടുവരുന്നവരെ താമസിപ്പിക്കുന്ന ഫോറൻസിക് സൈക്യാട്രി ബ്ലോക്കുകളിലെ സൗകര്യങ്ങളുടെ അപര്യാപ്തത പരിശോധിച്ചിട്ടുണ്ടോ;

(ബി) തടവുകാരുടെ മാനസികപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ജയിൽ ആശുപത്രി വികസിപ്പിച്ച് ഫോറൻസിക് സൈക്യാട്രി വിഭാഗം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

## കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

സഞ്ചരിക്കുന്ന ഡെന്റൽ യൂണിറ്റുകൾ

2567

ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികൾക്കിടയിൽ ദന്തരോഗങ്ങൾ കൂടുതലാണെന്നതിനാൽ കുട്ടികളിൽ ഓറൽ കാൻസർ പോലുള്ള രോഗങ്ങൾ നേരത്തേ കണ്ടെത്തി ചികിത്സിച്ചുഭേദമാക്കാനായി, വയനാട് മാതൃകയിൽ, സഞ്ചരിക്കുന്ന ഡന്റൽ യൂണിറ്റുകൾ തുടങ്ങുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ, ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിന്റെ (എൻ.ആർ.എച്ച്.എം) നേതൃത്വത്തിൽ ഏതൊക്കെ ജില്ലകളിൽ മൊബൈൽ ഡന്റൽ യൂണിറ്റുകൾ പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്നു;

(സി) പ്രസ്തുത യൂണിറ്റിന്റെ പ്രവർത്തനം എപ്രകാരമാക്കാനാണ് ഉദ്ദേശിക്കുന്നത്; പ്രവർത്തനം എപ്പോൾ തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഒരു മൊബൈൽ ഡന്റൽ യൂണിറ്റിന് എത്ര രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്; ഇപ്രകാരം എത്ര യൂണിറ്റിനാണ് രൂപം നൽകാൻ ഉദ്ദേശിക്കുന്നത്; ആയതിനായി, ആകെ ചെലവ് വരുന്ന തുക എത്ര; ഇതിലേയ്ക്ക്, എന്തു തുക സർക്കാർ മാറ്റിവച്ചു; വിശദമാക്കുമോ;

(ഇ) പ്രസ്തുത സഞ്ചരിക്കുന്ന ഡന്റൽ യൂണിറ്റിന്റെ ഘടന എപ്രകാരമായിരിക്കുമെന്നും ആയതിൽ എപ്രകാരമുള്ള ഹൈടെക് സൗകര്യമുണ്ടായിരിക്കുമെന്നും വ്യക്തമാക്കുമോ;

(എഫ്) നിലവിൽ സംസ്ഥാനത്ത് സർക്കാർ ആശുപത്രികളിൽ എത്ര ദന്തരോഗ ചികിത്സാ യൂണിറ്റുകളാണ് പ്രവർത്തിക്കുന്നത്; ജില്ല തിരിച്ച് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

കേന്ദ്രത്തിലേയ്ക്ക് സമർപ്പിച്ച സപ്ലിമെന്റ് പ്ലാനിൽ ഉൾപ്പെടുന്ന പദ്ധതികൾ

2568 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻ.ആർ.എച്ച്.എം പദ്ധതി പ്രകാരം കേന്ദ്ര സർക്കാരിൽ നിന്നും കൂടുതൽ തുക ലഭ്യമാക്കാൻ സംസ്ഥാന സർക്കാർ കേന്ദ്രത്തിലേയ്ക്ക് സമർപ്പിച്ച സപ്ലിമെന്റ് പ്ലാനിൽ ഉൾപ്പെടുന്ന പദ്ധതികൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ; ഈ പദ്ധതികളിൽ, കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കുന്നതിനായി സമർപ്പിച്ചിട്ടുള്ളത് ഏതെല്ലാം;

(ബി) എൻ.ആർ.എച്ച്.എം പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിൽ നടന്നുവരുന്നതും നടപ്പിലാക്കി കൊണ്ടിരിക്കുന്നതുമായ പദ്ധതികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ;

(സി) ഓരോ പദ്ധതിയുടെയും പുരോഗതി വിശദീകരിക്കുമോ?

# കേരള നിയമസഭ
# 14.02.2013-ലെ മറുപടിക്ക്

<u>എൻ. ആർ. എച്ച്. എം. പദ്ധതി</u>

2569 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻ. ആർ. എച്ച്.എം പദ്ധതി എന്നാണ് നിലവിൽ വന്നത്; എൻ. ആർ. എച്ച്.എം പദ്ധതി പ്രകാരം കേന്ദ്രത്തിൽ നിന്നും സംസ്ഥാനത്തിന് എത്ര ധനസഹായം ലഭിച്ചിട്ടുണ്ട്;

(ബി) 1.7.2006 മുതൽ 31.12.12 വരെയുള്ള കേന്ദ്ര സഹായത്തിന്റെ വിശദാംശം വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(സി) 2006-2011 കാലഘട്ടത്തിൽ എൻ. ആർ. എച്ച്.എം ഫണ്ടിൽ നിന്നും ഒറ്റപ്പാലം നിയോജകമണ്ഡലത്തിലേക്ക് എത്ര തുക അനുവദിച്ചു; എന്തെല്ലാം കാര്യങ്ങൾക്കാണ് തുക വിനിയോഗിച്ചത്; വിശദാംശം ലഭ്യമാക്കാമോ;

(ഡി) 2011-2012 കാലത്ത് എൻ. ആർ. എച്ച്.എം ഫണ്ടിൽ നിന്ന് ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലേക്ക് എത്ര തുക അനുവദിച്ചു; ഏതെല്ലാം പദ്ധതികൾക്കാണ് തുക അനുവദിച്ചത്; വിശദാംശം വഭ്യമാക്കുമോ;

(ഇ) കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് ഇപ്പോൾ എൻ. ആർ. എച്ച്.എം ലേക്കുള്ള കേന്ദ്രസഹായം കുറഞ്ഞതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 14.02.2013-ലെ മറുപടിക്ക്

<u>നാഷണൽ റൂറൽ ഹെൽത്ത് മിഷൻ ഫണ്ട് വിനിയോഗം</u>

2570 ശ്രീ. ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ നെടുങ്ങോലം ഗവ:താലൂക്ക് ആശുപത്രിക്ക് കെട്ടിടവും അനുബന്ധ സൗകര്യങ്ങളും ഉണ്ടാക്കുന്നതിലേക്കായി നാഷണൽ റൂറൽ ഹെൽത്ത് മിഷൻ വിനിയോഗിക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷയും അനുബന്ധ രേഖകളും ബന്ധപ്പെട്ട അധികാരികൾക്ക് ലഭിച്ചിരുന്നുവോ; എങ്കിൽ, നാളിതുവരെ അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ ഏതൊക്കെ താലൂക്ക് ആശുപത്രികൾക്ക് നാഷണൽ റൂറൽ ഹെൽത്ത് മിഷൻ ഫണ്ട് നൽകിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 14.02.2013-ലെ മറുപടിക്ക്

എൻ. ആർ. എച്ച്. എം. അർബൻ ഹെൽത്ത് പ്രോഗ്രാം

2571 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻ.ആർ.എച്ച്.എം. അർബൻ ഹെൽത്ത് പ്രോഗ്രാമിൽ എത്ര ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരെ നിയമിച്ചിട്ടുണ്ട്;

(ബി) ഇവരുടെപ്രവർത്തനം വിലയിരുത്താൻ ആർ.സി.എച്ച്. സൂപ്പർ വൈസറെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ, സൂപ്പർ വൈസർക്കുവേണ്ട നിശ്ചിത യോഗ്യതയുള്ള ആളെയാണോ നിയമിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) ഇങ്ങനെ നിയമിച്ച സൂപ്പർ വൈസർക്ക് പൾസ് പോളിയോ പദ്ധതിയുടെ ചുമതല നല്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത സൂപ്പർവൈസർ അതിന് യോഗ്യതയുള്ള ആളാണോ എന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**14.02.2013-ലെ മറുപടിക്ക്**

<u>എൻ.ആർ.എച്ച്.എം. മുഖേന ജോലി ചെയ്യുന്നവർ</u>

2572 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ എൻ.ആർ.എച്ച്.എം. മുഖേന എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്നും എതൊക്കെ തസ്തികകളിലാണ് ഇവർ ജോലി ചെയ്യുന്നതെന്നും ഇവർക്ക് വേതന വർദ്ധനവ് നൽകാൻ, എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>ദേശീയ ഗ്രാമീണ ആരോഗ്യ മിഷന്‍ പ്രവര്‍ത്തനം</u>

2573 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ദേശീയ ഗ്രാമീണ ആരോഗ്യ മിഷന്‍ പദ്ധതി പ്രകാരം എത്ര പദ്ധതികളാണ് നടപ്പിലാക്കുന്നത്; ഓരോ പദ്ധതിക്കും എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്;

(ബി) ഓരോ പദ്ധതിയുടെയും പ്രവര്‍ത്തന പുരോഗതിയും ചെലവായ തുകയും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>ആർ.എസ്.ബി.വൈ ഇൻസെന്റീവ് വ്യാജ ഒപ്പിട്ട് കൈക്കലാക്കിയ സംഭവം</u>

2574 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജനറൽ ആശുപത്രിയിൽ ആരോഗ്യവകുപ്പ് നടപ്പിലാക്കുന്ന ആർ.എസ്.ബി.വൈ പദ്ധതിയുമായി ബന്ധപ്പെട്ട ഇൻസെന്റീവ് ആശുപത്രി സൂപ്രണ്ടിന്റെ വ്യാജ ഒപ്പിട്ട് കൈക്കലാക്കിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇങ്ങനെ തുക കൈക്കലാക്കിയത് ആരാണെന്ന് അറിയിക്കാമോ; വിശദാംശം അറിയിക്കാമോ;

(സി) കുറ്റക്കാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

# കേരള നിയമസഭ
# 14.02.2013-ലെ മറുപടിക്ക്

<u>ആലപ്പുഴ ജനറൽ ആശുപത്രി വികസനം</u>

2575 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജനറൽ ആശുപത്രിയുടെ വികസനത്തിനായി പദ്ധതികൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) ജനറൽ ആശുപത്രിയുടെ വികസനത്തിനായി കേന്ദ്ര സർക്കാരിൽ നിന്നും ഫണ്ട് ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ആലപ്പുഴ ജനറൽ ആശുപത്രിയിലെ ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും അനുവദനീയമായ തസ്തികകൾ എത്ര; ഇപ്പോൾ ജോലി ചെയ്യുന്നവർ എത്ര; ഒഴിവുകൾ എത്രയെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഒഴിവുള്ള തസ്തികകളിൽ, അടിയന്തിരമായി നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 14.02.2013-ലെ മറുപടിക്ക്

<u>കൊട്ടാരക്കര താലൂക്ക് ആശുപത്രിയിലേക്ക് അനുവദിച്ചിട്ടുള്ള കാരുണ്യ ഡയാലിസിസ് സെന്റർ</u>

2576 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്ക് ആശുപത്രിയിലേക്ക് അനുവദിച്ചിട്ടുള്ള കാരുണ്യ ഡയാലിസിസ് സെന്റർ എന്നത്തേക്ക് പ്രവർത്തനം തുടങ്ങുന്നതിനാണ് ഉദ്ദേശിക്കുന്നത്;

(ബി) പ്രസ്തുത ഡയാലിസിസ് സെന്റർ സജ്ജമാക്കുന്നതിന് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും ആയതിന്റെ നിർവ്വഹണ ചുമതല ആരിലാണ് നിക്ഷിപ്തമായിട്ടുള്ളതെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>സർക്കാർ ആശുപത്രികളിലെ പ്രസവ ചികിത്സാ സൗകര്യങ്ങൾ</u>

2577 ശ്രീ. പാലോട് രവി
,, വി. പി. സജീന്ദ്രൻ
,, ലൂഡി ലൂയിസ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ പ്രസവത്തിനെത്തുന്നവർക്ക് ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഇവർക്ക് ഗർഭകാല ശുശ്രൂഷ, നവജാതശിശു ചികിത്സ എന്നിവ സൗജന്യമായി ലഭ്യമാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കാമോ;

(ഡി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്; വിശദാംശം എന്തെല്ലാം?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>സ്വാഭാവിക പ്രസവം പ്രോത്സാഹിപ്പിക്കുന്നതിന് പ്രചാരണം</u>

2578 ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിൽ വിവേചനമില്ലാ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) സ്വാഭാവിക പ്രസവം പ്രോത്സാഹിപ്പിക്കുന്നതിന് എന്തെങ്കിലും പ്രചാരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>പഴയങ്ങാടി താലൂക്ക് ആശുപത്രിയിലെ സൗകര്യങ്ങൾ</u>

2579 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പഴയങ്ങാടി താലൂക്കാശുപത്രിയിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ എത്ര ഒഴിവുകളാണുള്ളത്; പ്രസ്തുത ഒഴിവുകളിലേക്ക് ഡോക്ടർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) പഴയങ്ങാടി താലൂക്കാശുപത്രിയിൽ, ആധുനിക മെഡിക്കൽ ഉപകരണങ്ങൾ സജ്ജമാക്കുന്നതിനും അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

റാന്നി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രികൾക്ക് അനുവദിച്ച വാഹനം

2580 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റാന്നി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയുടെ ഉപയോഗത്തിനായി ടാറ്റ ഇൻഡിക്ക കാർ അനുവദിച്ച് എന്നാണ് ഉത്തരവായത്; ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ; പ്രസ്തുത വാഹനം എന്ന്, ആർക്കാണ് കൈമാറിയിട്ടുള്ളത്; ആരാണ് വാഹനം ഏറ്റുവാങ്ങി ഒപ്പുവച്ചിട്ടുള്ളത്;

(ബി) പ്രസ്തുത വാഹനം ഇപ്പോൾ ആരാണ് ഉപയോഗിച്ചുവരുന്നത്; ഏതു സാഹചര്യത്തിലാണ് റാന്നി ടി.എച്ച്. ക്യൂ ആശുപത്രിക്ക് അനുവദിച്ച വാഹനം ഈ ഉദ്യോഗസ്ഥൻ ഉപയോഗിക്കുന്നത്; ഇത് എന്നുമുതലാണ് ഉപയോഗിച്ചുവരുന്നത്; ഇതിന് ആരാണ് അനുമതി നൽകിയിട്ടുള്ളത്; ബന്ധപ്പെട്ട ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) ആവശ്യമായ അനുമതി ലഭിക്കാതെ അനധികൃതമായാണ് വാഹനം ഉപയോഗിക്കുന്നതെങ്കിൽ സർക്കാർ ഉത്തരവും മേലുദ്യോഗസ്ഥരുടെ ഉത്തരവും നടപ്പാക്കാതിരിക്കുകയും തന്നിഷ്ടം കാട്ടുകയും ചെയ്ത ഈ ഉദ്യോഗസ്ഥനെതിരെ വകുപ്പുതല നടപടിസ്വീകരിക്കാനും, വാഹനം റാന്നി ടി.എച്ച്.ക്യൂ വിന് കൈമാറുന്നതിനും എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>നീലേശ്വരം, തൃക്കരിപ്പൂർ താലൂക്ക് ആശുപത്രികളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ</u>

2581 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നീലേശ്വരം, തൃക്കരിപ്പൂർ താലൂക്ക് ആശുപത്രികളിൽ അനുവദിച്ച സ്പെഷ്യലിസ്റ്റ് പോസ്റ്റുകളിൽ, എത്ര ഡോക്ടർമാർ ഇപ്പോൾ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവിടങ്ങളിൽ ഗൈനക്കോളജിസ്റ്റിനെ നിയമിക്കാത്തതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>കായംകുളം താലൂക്കാശുപത്രിയിൽ മോർച്ചറി കെട്ടിട നിർമ്മാണം</u>

2582 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം താലൂക്കാശുപത്രിയിൽ, മോർച്ചറി കെട്ടിടത്തിന് തുക അനുവദിച്ചിട്ടും നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിർമ്മാണപ്രവർത്തനങ്ങൾ ദ്രുതഗതിയിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>നെടുങ്ങോലം രാമറാവു മെമ്മോറിയൽ താലൂക്ക് ആശുപത്രിക്ക് അടിസ്ഥാന സൗകര്യം</u>

2583 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 2.11.12 ലെ നമ്പർ 18066/ഇ2/12 കത്ത് ആരോഗ്യവകുപ്പ് ഡയറക്ടർക്ക് ലഭിച്ചിരുന്നുവോ; എങ്കിൽ, അതിന്മേലുള്ള പ്രൊപ്പോസൽ ഗവൺമെന്റിലേക്ക് സമർപ്പിച്ചുവോ;

(ബി) നെടുങ്ങോലം രാമറാവു മെമ്മോറിയൽ താലൂക്ക് ആശുപത്രിക്ക് അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന് തുക വകയിരുത്തുവാനായി നൽകിയ പ്രൊപ്പോസലിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത ആശുപത്രിയിൽ യാതൊരുവിധ അടിസ്ഥാന സൗകര്യങ്ങളും ഇല്ലായെന്ന കാര്യം ബോദ്ധ്യപ്പെട്ട് അനുകൂല നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>ആശുപത്രി വികസന സമിതികൾ</u>

2584 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നേമം നിയോജക മണ്ഡലത്തിലെ പൂജപ്പുര പഞ്ചകർമ്മ ആശുപത്രിയിലും സ്ത്രീകളുടേയും കുട്ടികളുടേയും ആയുർവേദ ആശുപത്രിയിലും, പ്രത്യേകം ആശുപത്രി വികസന സമിതികൾ രൂപീകരിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് സർക്കാരിനു കിട്ടിയ നിവേദനത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നു വിശദമാക്കുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>പൊന്നാനിയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി</u>

2585 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനിയിലെ തീരദേശമഖലയിൽ പണി പുരോഗമിക്കുന്ന സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ അനുബന്ധ കെട്ടിടങ്ങൾക്കായി ആരോഗ്യവകുപ്പിന് സമർപ്പിച്ച പ്രോജക്ടിന് അനുമതിയായിട്ടുണ്ടോ ; ഇല്ലെങ്കിൽ, അതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത ആശുപത്രി കെട്ടിട നിർമ്മാണത്തിനായി ഓർഡർ നം. ജി. ഒ.(ആർ. ടി.)677/11/പി. ഡബ്ള്യു.ഡി തീയതി 09.05.2011 പ്രകാരം അനുവദിച്ച 5% ഓവർ ഹെഡ് ചാർജ് ഇതുവരെ അനുവദിച്ചുകൊടുക്കാത്തതിനാൽ കെട്ടിട നിർമ്മാണം സ്തംഭനാവസ്ഥയിലേയ്ക്ക് നീങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ, ഇതിന് അടിയന്തിരമായി പരിഹാരം കാണുമോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>സി.എച്ച്.സി കളുടെ പ്രവര്‍ത്തനം</u>

2586 ശ്രീ.കെ.വി.വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് എത്ര സി.എച്ച്.സി കള്‍ പ്രവര്‍ത്തിക്കുന്നുണ്ടെന്ന് ജില്ല തിരിച്ചുള്ള വിവരം നല്‍കുമോ;

(ബി) സി.എച്ച്.സി കളില്‍ വ്യക്തമായ ഒരു സ്റ്റാഫ് പാറ്റേണ്‍ നിലവിലുണ്ടോ; ഉണ്ടെങ്കില്‍, ആയതിന്റെ വിശദവിവരവും ബന്ധപ്പെട്ട ഉത്തരവുകളുടെ കോപ്പികളും നല്‍കുമോ;

(സി) കോങ്ങാട് അസംബ്ലി നിയോജക മണ്ഡലത്തിലുള്ള സി.എച്ച്.സി യില്‍ പ്രസ്തുത സ്റ്റാഫ് പാറ്റേണ്‍ അനുസരിച്ച് സ്റ്റാഫിനെ നിയമിക്കുവാന്‍ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കില്‍ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>കലയ്ക്കോട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ</u>

2587 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ കലയ്ക്കോട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ കിടത്തി ചികിത്സ എന്നുവരെയാണ് ഉണ്ടായിരുന്നത്; രോഗികളെ കിടത്തി ചികിത്സിക്കുന്നതിൽ തടസ്സങ്ങൾ എന്തെങ്കിലുമുണ്ടോ; എങ്കിൽ, എന്താണ്;

(ബി) പൊതുജനങ്ങൾ കിടത്തി ചികിത്സ ആവശ്യപ്പെട്ട് നൽകിയ അപേക്ഷയിന്മേൽ, എന്ത് നടപടിയാണ് നാളിതുവരെ കൈക്കൊണ്ടിട്ടുള്ളത്;

(സി) ജനപ്രതിനിധികളും, പൊതുജനങ്ങളും നിരവധി അപേക്ഷകൾ നൽകിയിട്ടും നാളിതുവരെ യാതൊരു മേൽനടപടികളും അധികാരികൾ കൈക്കൊള്ളാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ആവശ്യം പരിഗണിക്കുവാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

മലപ്പുറം ജില്ലയിലെ ഓമാനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

2588

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ഓമാനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നാണ് സി.എച്ച്.സി.യായി ഉയർത്തി പ്രവർത്തിച്ച് തുടങ്ങിയതെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ ഇവിടെ ഏതെല്ലാം തസ്തികകളാണ് നിലവിലുള്ളത്;

(സി) പ്രസ്തുത സി.എച്ച്.സി.യിൽ എത്ര ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫ് എന്നിവർ പ്രവർത്തിച്ച് വരുന്നു; അവരുടെ പേര് വിവരം വെളിപ്പെടുത്തുമോ;

(ഡി) ഇവിടേയ്ക്ക് നിയമിക്കപ്പെട്ട ഡോക്ടർമാർ മറ്റു സ്ഥലങ്ങളിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ അവരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) വർക്കിംഗ് അറേഞ്ച്മെന്റിൽ ജോലി ചെയ്യുന്ന ഡോക്ടർമാരെ ഒഴിവാക്കി ആവശ്യമായ ഡോക്ടർമാരെ നിയമിക്കുന്നതിന്, ആരോഗ്യ വകുപ്പ് ഡയറക്ടർക്ക്, നിവേദനമോ നിർദ്ദേശങ്ങളോ ലഭിച്ചിട്ടുണ്ടോ; എങ്കിൽ, വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(എഫ്) ഇതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ജി) ഓമാനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് ആവശ്യമായ ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ</u>

2589

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ വിപുലീകരണത്തിനുവേണ്ടി ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദീകരിക്കുമോ;

(ബി) ഇവിടെ ഡോക്ടർമാരെ ഷിഫ്റ്റുകളാക്കി മുഴുവൻ സമയം പ്രവർത്തിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇവിടെ ഒരു അത്യാഹിത വിഭാഗം തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഈ സി.എച്ച്.സി.യിൽ ഗൈനക്കോളജിസ്റ്റിനെയും പീഡിയാട്രീഷ്യനെയും നിയമിക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ?

**കേരള നിയമസഭ**
**14.02.2013-ലെ മറുപടിക്ക്**

<u>കൊല്ലങ്കോട് പി.എച്ച്.സി, സി.എച്ച്.സി ആയി ഉയര്‍ത്തുന്നതിനുള്ള നടപടി</u>

2590 ശ്രീ. വി. ചെന്താമരാക്ഷന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കൊല്ലങ്കോട് പി.എച്ച്.സി, സി.എച്ച്.സി ആയി ഉയര്‍ത്തുന്നതിനുള്ള നടപടിക്രമങ്ങള്‍ ഏത് ഘട്ടംവരെയായി എന്ന് വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് പാലക്കാട് സി.എം.ഒ സര്‍ക്കാരിലേക്ക് റിപ്പോര്‍ട്ട് സമര്‍പ്പിച്ചിട്ടുണ്ടോ;

(സി) കൊല്ലങ്കോട് പി.എച്ച്.സിയെ സി.എച്ച്.സി ആയി ഉയര്‍ത്താന്‍ അടിയന്തിര നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**14.02.2013-ലെ മറുപടിക്ക്**

<u>പി. എച്ച്. സി. കൾ ഇല്ലാത്ത പഞ്ചായത്തുകൾ</u>

2591 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പി. എച്ച്. സി. കൾ ഇല്ലാത്ത എത്ര പഞ്ചായത്തുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) മലപ്പുറം ജില്ലയിലെ കാലടി പഞ്ചായത്തിൽ പി.എച്ച്. സി. കൾ ഇല്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പി. എച്ച്. സി.കൾ ഇല്ലാത്ത പഞ്ചായത്തുകളിൽ പി. എച്ച്. സി. കൾ അനുവദിച്ചപ്പോൾ എന്തുകൊണ്ടാണ് കാലടി പഞ്ചായത്തിൽ അനുവദിക്കാതിരുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) കാലടി പഞ്ചായത്ത് ഭരണസമിതി പി. എച്ച്. സി. ക്ക് ആവശ്യമുള്ള സ്ഥലം ലഭ്യമാക്കുന്നതിന് ഏതെങ്കിലും നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ;

(ഇ) സ്വന്തമായി സ്ഥലം പി. എച്ച്. സി.യ്ക്ക് നിർദ്ദേശിക്കാത്ത ഏതെങ്കിലും പഞ്ചായത്തിൽ പി. എച്ച്. സി. അനുവദിച്ചിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ, പ്രസ്തുത പഞ്ചായത്തുകളുടെ പേരുകൾ വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**14.02.2013-ലെ മറുപടിക്ക്**

<u>പെരുവള്ളൂര്‍ പി.എച്ച് സെന്റര്‍, കമ്മ്യൂണിറ്റി സെന്ററാക്കുന്ന നടപടി</u>

2592 ശ്രീ. കെ. എന്‍.എ. ഖാദര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പെരുവള്ളൂര്‍ പഞ്ചായത്തില്‍ സ്ഥിതി ചെയ്യുന്ന പി.എച്ച്.സി യെ കമ്യൂണിറ്റി സെന്ററായി ഉയര്‍ത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ആയതിന് സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>കുട്ടനാട്ടിലെ താലൂക്ക്, കമ്മ്യൂണിറ്റി പ്രൈമറി ഹെൽത്ത് സെന്ററുകൾ</u>

2593 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ താലൂക്ക്, കമ്മ്യൂണിറ്റി, പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ഏതെല്ലാം തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ടെന്ന് ആശുപത്രി തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ആശുപത്രികളിൽ നിന്നും എത്ര ഉദ്യോഗസ്ഥർ വർക്കിംഗ് അറേഞ്ച്മെന്റ്/ഡെപ്യൂട്ടേഷൻ വാങ്ങി മറ്റ് സ്ഥലങ്ങളിൽ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ആശുപത്രികളിൽ, എൻ.ആർ.എച്ച്.എം.-ന്റെ കീഴിൽ, എത്ര ഉദ്യോഗസ്ഥർ കോൺട്രാക്ട് വ്യവസ്ഥയിൽ ജോലി ചെയ്യുന്നുണ്ടെന്ന് ആശുപത്രി തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>മുപ്പൈനാട് പി.എച്ച്.സി.</u>

2594 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ മുപ്പൈനാട് പി.എച്ച്.സി. ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പി.എച്ച്.സി. പ്രവർത്തനയോഗ്യമാക്കുന്നതിനായി ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; വിശദമാക്കുമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത തസ്തികകൾ സൃഷ്ടിച്ചിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

തേഞ്ഞിപ്പാലം പഞ്ചായത്തിന് അനുവദിച്ച പി.എച്ച്.സി

2595 ശ്രീ. കെ. എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തേഞ്ഞിപ്പാലം പഞ്ചായത്തിന് അനുവദിച്ച പി.എച്ച്.സി. യിലേയ്ക്ക് ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ തസ്തികകൾ അനുവദിച്ചിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തസ്തിക അനുവദിക്കാതെ ആശുപത്രി അനുവദിച്ചതുകൊണ്ട് പ്രയോജനമില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അടിയന്തിരമായി തസ്തികകൾ അനുവദിച്ച് നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**14.02.2013-ലെ മറുപടിക്ക്**

<u>കൂന്നൂൾമാട് പ്രൈമറി ഹെൽത്ത് സെന്റർ</u>

2596 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പള്ളിക്കൽ പഞ്ചായത്തിലെ കൂന്നൂൾമാട് പ്രൈമറി ഹെൽത്ത് സെന്ററിനെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയതിന് ഇതുവരെ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

ഐരാണിമുട്ടം സർക്കാർ ആശുപത്രി

2597 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച നേമം നിയോജകമണ്ഡലത്തിലെ ഐരാണിമുട്ടം സർക്കാർ ആശുപത്രി നൂറു കിടക്കകളോടുകൂടിയ ആതുരാലയമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഇപ്പോഴത്തെ പുരോഗതി/അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ വിവിധ ചികിത്സാവിഭാഗങ്ങൾ സ്ഥാപിക്കുന്ന നടപടി എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് വ്യാജഡോക്ടർമാരെ കണ്ടെത്തുന്നതിനുള്ള സംവിധാനങ്ങൾ</u>

2598 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജഡോക്ടർമാരെ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനായി എന്ത് സംവിധാനമാണ് ഉണ്ടാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ഫലമായി എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

ഡോക്ടർമാരുടെ കൂട്ടത്തോടെയുള്ള വിരമിക്കൽ

2599 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 മാർച്ചോടെ ആരോഗ്യവകുപ്പിൽനിന്നും ആയിരത്തോളം ഡോക്ടർമാർ സർവ്വീസിൽനിന്നും പിരിഞ്ഞുപോകുന്നതുമൂലം ഉണ്ടാകുന്ന ഡോക്ടർമാരുടെ കുറവ് ദേശീയ-ഗ്രാമീണ-ആരോഗ്യമിഷന്റെയുൾപ്പെടെയുള്ള ആരോഗ്യ പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലാക്കുമെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പെൻഷൻപറ്റി പിരിയുന്ന ഡോക്ടർമാരിൽ ഏറിയപങ്കും സ്പെഷ്യാലിറ്റി വിഭാഗത്തിൽപ്പെട്ടവരാകയാൽ സർക്കാർ ആശുപത്രിയെ മാത്രം ആശ്രയിച്ചുവരുന്ന പാവപ്പെട്ട രോഗികൾക്കുള്ള ചികിത്സ നിഷേധിക്കപ്പെടുമെന്ന സാഹചര്യം പ്രത്യേകമായി പരിഗണനയിലെടുക്കുമോ;

(സി) നിലവിൽ രണ്ടായിരത്തോളം ഡോക്ടർമാരുടെ കുറവ് വകുപ്പിൽ നിലനിൽക്കുന്ന സാഹചര്യത്തിലും പെൻഷൻ മൂലമുണ്ടാകുന്ന ഒഴിവുകളും കൂടി കണക്കിലെടുത്ത് സംസ്ഥാനത്തെ ആരോഗ്യപ്രവർത്തനങ്ങളിൽ ഉണ്ടാകാവുന്ന സ്തംഭനാവസ്ഥയ്ക്ക് പരിഹാരമായി എന്തെല്ലാം നടപടികളാണ് നിലവിൽ എടുത്തിട്ടുള്ളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്
2012 കലണ്ടർവർഷം ആശുപത്രികളിൽനിന്ന് വിരമിച്ചതും രാജിവെച്ചതുമായ ഡോക്ടർമാരുടെ എണ്ണം

2600 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 കലണ്ടർ വർഷം പി.എച്ച്.സി. മുതൽ മെഡിക്കൽ കോളേജുവരെയുള്ള ആശുപത്രികളിൽ നിന്ന് വിരമിച്ചതും രാജിവെച്ചതുമായ ഡോക്ടർമാരുടെ എണ്ണം എത്രയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ പുതുതായി നിയമിച്ച ഡോക്ടർമാരുടെ എണ്ണം അറിയിക്കുമോ;

(സി) നിലവിൽ ദീർഘകാല അവധിയിലുള്ള ഡോക്ടർമാരുടെ എണ്ണം എത്രയെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>സര്‍ക്കാര്‍ ആശുപത്രികളില്‍ ഡോക്ടര്‍മാരെ നിയമിക്കുന്നതിന് നടപടി</u>

2601 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഫാസ്റ്റ് ട്രാക്കില്‍ സംസ്ഥാനത്തെ സര്‍ക്കാര്‍ ആശുപത്രികളില്‍ ഡോക്ടര്‍മാരെ നിയമിക്കുന്നതിന് കൈക്കൊണ്ട നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) ഇതിലേയ്ക്കായി എത്ര ഡോക്ടര്‍മാരുടെ ഒഴിവുകളാണ് റിപ്പോര്‍ട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ജില്ല തിരിച്ചുള്ള കണക്ക് നല്‍കുമോ;

(സി) എഴുത്ത് പരീക്ഷ ഒഴിവാക്കി ഇക്കാര്യത്തില്‍ എന്തെല്ലാം മാനദണ്ഡങ്ങളാണ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനായി സ്വീകരിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) വിദേശ രാജ്യങ്ങളില്‍ നിന്നും മെഡിക്കല്‍ ബിരുദം നേടിയവരുടെ കാര്യത്തില്‍ എന്തെങ്കിലും പ്രത്യേക മാനദണ്ഡം സ്വീകരിക്കുന്നുണ്ടോ; ഉണ്ടെങ്കില്‍, വിശദാംശം നല്‍കുമോ;

(ഇ) വിദേശ രാജ്യങ്ങളില്‍ നിന്നും ബിരുദം നേടിയ ഡോക്ടര്‍മാരുടേയും ഇന്ത്യയില്‍ നിന്ന് ബിരുദം നേടിയവരുടെയും മാര്‍ക്കില്‍ പ്രകടമായ വ്യത്യാസം ഉള്ളതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാന്‍ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

**അസിസ്റ്റന്റ് സർജൻ തസ്തികയിലേയ്ക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും നിയമനം**

2602 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അസിസ്റ്റന്റ് സർജൻ തസ്തികയിലേയ്ക്ക് പി.എസ്.സി. എഴുത്തുപരീക്ഷയും ഇന്റർവ്യൂവും നടത്തി തയ്യാറാക്കിയ റാങ്ക് ലിസ്റ്റ് ഇപ്പോഴും നിലവിലുണ്ടോ; പ്രസ്തുത ലിസ്റ്റിൽ നിന്നും ഇതിനകം നിയമനം ലഭിച്ചവരെത്ര; റാങ്ക് ലിസ്റ്റിൽ അവശേഷിക്കുന്നവരെത്ര; ലിസ്റ്റിന്റെ കാലാവധി തീരുന്നത് എപ്പോൾ;

(ബി) ഇതേ തസ്തികയിലേക്ക് പുതിയ റാങ്ക് ലിസ്റ്റ് തയ്യാറാക്കാൻ പി.എസ്.സി. നടപടി സ്വീകരിച്ചതായി അറിയാമോ;

(സി) നിലവിലുള്ള ലിസ്റ്റിൽ ഡോക്ടർമാർ അവശേഷിക്കവെ, അവരെ നിയമിക്കാൻ നടപടി സ്വീകരിക്കാതെ പി.എസ്.സി. ധൃതിപിടിച്ച് പുതിയ ലിസ്റ്റ് തയ്യാറാക്കുന്നത് എന്തുകൊണ്ടാണ്; പ്രസ്തുത നടപടി സർക്കാരിന്റെ അറിവോടുകൂടിയാണോ;

(ഡി) നിലവിലുള്ള റാങ്ക് ലിസ്റ്റിൽ അവശേഷിക്കുന്നവരെയെല്ലാം നിയമിച്ചതിനുശേഷം, പുതിയ ലിസ്റ്റ് പരിഗണിച്ചാൽ മതിയാകുമെന്നകാര്യം പരിശോധിക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

ഡോക്ടർമാരുടെ കുറവ്

2603 ശ്രീ. എം.എ.ബേബി
,, എം. ചന്ദ്രൻ
,, കെ.കെ.നാരായണൻ
,, കോലിയക്കോട്. എൻ. കൃഷ്ണൻനായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡോക്ടർമാരുടെ അഭാവം കൊണ്ട് സർക്കാരാശുപത്രികളെ ആശ്രയിക്കുന്ന പാവപ്പെട്ടവർക്ക് ചികിത്സ മുടങ്ങുന്നതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്നറിയിക്കാമോ;

(ബി) ഏകദേശം 30 ശതമാനത്തോളം തസ്തികകൾ ഒഴിഞ്ഞു കിടന്നിട്ടും ഡോക്ടർ നിയമനം ത്വരിതപ്പെടുത്തുവാൻ കഴിയാതിരുന്നതിന്റെ കാരണം അറിയിക്കുമോ;

(സി) ആകെയുള്ള 1200 ഒഴിവുകളിൽ 10 ശതമാനത്തിൽ താഴെ മാത്രം നിയമനം നടത്തിയതുവഴി പി.എച്ച്.സി, സി.എച്ച്.സികളുടെ പ്രവർത്തനം അവതാളത്തിലായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>ഡോക്ടർമാരുടെ ഒഴിവുകൾ</u>

2604 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ആരോഗ്യ മേഖലയിൽ എത്ര ഡോക്ടർമാരുടെ ഒഴിവുകൾ നിലവിലുണ്ട്;

(ബി) പ്രസ്തുത ഒഴിവുകൾ നികത്താൻ എപ്പോൾ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

ഡോക്ടർമാരുടെ ഒഴിവുകൾ

2605 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ 2000 ഡോക്ടർമാരെ നിയമിക്കണമെന്ന് വകുപ്പ് പി.എസ്.സിയോട് നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) നിലവിൽ ആരോഗ്യവകുപ്പിൽ ഡോക്ടർമാരുടെ എത്ര ഒഴിവുകളാണുള്ളത്; ഈ ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) 2000 ഡോക്ടർമാരെ നിയമിക്കാൻ പി.എസ്.സി നിയമന നിർദ്ദേശം നൽകിയാൽ അവർക്ക് നിയമനം നൽകുന്നതിന് ആരോഗ്യവകുപ്പ് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

ഡോക്ടർമാരുടെ ഒഴിവുകൾ

2606 ശ്രീ .കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പി.എച്ച്.സി, സി.എച്ച്.സി, താലൂക്ക് ജില്ലാ ആശുപത്രികളിൽ നിലവിൽ എത്ര വീതം ഡോക്ടർമാരുടെ ഒഴിവുകൾ കണ്ടെത്തിയിട്ടുണ്ട്; ജില്ല തിരിച്ചുളള വിവരം നൽകാമോ; പ്രസ്തുത ഒഴിവുകൾ നികത്തുവാൻ സ്വീകരിച്ച നടപടികളുടെ വിശദവിവരം നൽകാമോ;

(ബി) പ്രസ്തുത ഒഴിവുകൾ എത്ര നാളുകൾക്കുളളിൽ നികത്തുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 14.02.2013-ലെ മറുപടിക്ക്

<u>കണ്ണൂർ ജില്ലയിലെ ഡോക്ടർമാരുടെ ഒഴിവുകൾ</u>

2607 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ഏതെല്ലാം ഗവ: ആശുപത്രികളിലും ഡിസ്പൻസറികളിലും ഡോക്ടർമാരുടെ ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ ഏതെല്ലാം വിഭാഗത്തിലെ ഡോക്ടർമാരുടെ തസ്തികകളിലാണെന്നും എവിടെയെല്ലാമാണെന്നും പ്രത്യേകം പ്രത്യേകം വിശദമാക്കാമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>കായംകുളം താലൂക്ക് ആശുപത്രിയിൽ സർജന്റെ പുതിയ തസ്തിക</u>

2608 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കായംകുളം താലൂക്കാശുപത്രിയിൽ സർജന്റെ പുതിയ തസ്തിക സൃഷ്ടിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>ജൂനിയര്‍ ഹെല്‍ത്ത് ഇന്‍സ്പെക്ടര്‍മാരുടെ റേഷ്യോ പ്രമോഷന്‍</u>

2609 ശ്രീ. എം. ചന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ജൂനിയര്‍ ഹെല്‍ത്ത് ഇന്‍സ്പെക്ടര്‍മാരുടെ റേഷ്യോ പ്രമോഷന്‍ 1:1 ആക്കി ഗവണ്‍മെന്റ് നിശ്ചയിച്ചതിനെത്തുടര്‍ന്ന് 287 ജൂനിയര്‍ ഹെല്‍ത്ത് ഇന്‍സ്പെക്ടര്‍മാര്‍ക്ക് ഗ്രേഡ് I ആയി പ്രമോഷന്‍ നല്‍കി ഉത്തരവായിട്ടുള്ളതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) പ്രമോഷന്‍ ലിസ്റ്റില്‍ അപാകത കണ്ടെത്തിയതിനെത്തുടര്‍ന്ന് ഉത്തരവ് റദ്ദാക്കിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കില്‍, പുതിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉത്തരത്തിന്റെ പകര്‍പ്പ് ലഭ്യമാക്കുമോ;

(ഡി) ഇല്ലെങ്കില്‍, പുതിയ ഉത്തരവ് എന്ന് പുറത്തിറക്കുവാന്‍ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

പാർട്ട് ടൈം സ്വീപ്പർമാരുടെയും
അറ്റന്റർമാരുടെയും ഒഴിവുകൾ

2610 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും പാർട്ട് ടൈം സ്വീപ്പർമാരുടെയും അറ്റന്റർമാരുടെയും എത്ര ഒഴിവുകൾ നിലവിലുണ്ട്; ഒഴിവുകൾ ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത ഒഴിവുകളിലേക്ക് നിയമനം നടത്തിക്കൊണ്ടിരുന്നത് എങ്ങനെയാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ ഒഴിവുകളിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലൂടെ നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ, അതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം ജീവനക്കാർക്ക് സമയബന്ധിതമായി പ്രൊമോഷൻ

2611 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിൽ സേവനം അനുഷ്ഠിക്കുന്ന എസ്.സി/എസ്.ടി വിഭാഗം ജീവനക്കാർക്ക് സമയബന്ധിതമായി പ്രൊമോഷൻ നൽകാറുണ്ടോ;

(ബി) കെ.എസ്. & എസ്.എസ്.ആർ -ലെ ഭാഗം II ലെ ചട്ടം 13 A(1) (a) പ്രകാരം പ്രമോഷൻ ടെസ്റ്റ് യോഗ്യത യഥാസമയം നേടിയിരുന്നില്ലെങ്കിലും പ്രൊമോഷൻ ലഭിക്കുമായിരുന്ന തീയതി മുതൽ മൂന്ന് വർഷക്കാലത്തേക്ക് ഇളവുണ്ടെന്ന സർക്കാർ ഉത്തരവ് (നമ്പർ.3130/ഉ.പ.സി.3/2010/ഉ.ഭ.പ.വ തീയതി ഫെബ്രുവരി 24- 2012) പാലിക്കപ്പെടുന്നുണ്ടോ;

(സി) ഇത്തരത്തിൽ പ്രമോഷൻ നൽകിയിട്ടുള്ള ജീവനക്കാരുടെ കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) മേൽപറഞ്ഞ ഉത്തരവ് ലംഘിക്കുന്നതായി വകുപ്പ് തലത്തിൽ പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ, ആയത് യുദ്ധകാലാടിസ്ഥാനത്തിൽ പരിഹരിക്കുമോ?

## കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

അട്ടപ്പാടി, വയനാട് സ്പെഷ്യാലിറ്റി ആശുപത്രികൾ

2612

ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസി ഗോത്രവിഭാഗങ്ങൾക്ക് മികച്ച ചികിത്സ ലഭ്യമാക്കുവാൻ അട്ടപ്പാടി, വയനാട് എന്നിവിടങ്ങളിൽ സ്പെഷ്യാലിറ്റി ആശുപത്രികൾ ആരംഭിച്ചത് എന്നാണ്; ഈ ആശുപത്രികൾ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോ;

(ബി) ഡോക്ടർമാർ, ആശുപത്രി ജീവനക്കാർ, ഓഫീസ് ജീവനക്കാർ എന്നിവരുടെ എത്ര സ്ഥിരം തസ്തികകൾ ഓരോ ആശുപത്രിയിലും അനുവദിച്ചിട്ടുണ്ട്; ഏതെല്ലാം സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്;

(സി) ഡോക്ടർമാർ ഉൾപ്പെടെ എത്ര ജീവനക്കാരാണ് നിലവിൽ ഉള്ളത്; നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്;

(ഡി) ഡോക്ടർമാർ ഇല്ലാത്തതിനാൽ ചികിത്സ ലഭിക്കാതെ രോഗികൾ മരണപ്പെട്ട സംഭവം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ഇ) ആശുപത്രിയിലേക്കുള്ള യാത്രാമദ്ധ്യേ ആദിവാസികൾ മരണപ്പെട്ട സംഭവം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(എഫ്) ഈ ആശുപത്രികളിൽ ആംബുലൻസ് സംവിധാനം ഉണ്ടോ; ഇല്ലെങ്കിൽ ആയത് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(ജി) ഒരു മാസം ശരാശരി എത്ര രോഗികൾ ആശുപത്രികളിൽ ചികിത്സയ്ക്കായി എത്തുന്നുണ്ട്; എത്ര രോഗികളെ ആശുപത്രിയിൽ കിടത്തിചികിത്സിയ്ക്കാനുള്ള സൗകര്യമുണ്ട്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>താൽക്കാലിക ജീവനക്കാരുടെ നിയമനത്തിന് അംഗീകാരം നല്കുന്നതിനുള്ള നടപടി</u>

2613 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊരട്ടിയിലെ ഗവൺമെന്റ് ലെപ്രസി ആശുപത്രിയിൽ പേഷ്യന്റ്സ് എംപ്ലോയീസ് സ്കീമിൽ താല്ക്കാലിക നിയമനം ലഭിച്ച ജീവനക്കാരുടെ നിയമനത്തിന് അംഗീകാരം നൽകുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത നിയമനത്തിന് അംഗീകാരം നല്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

ഓഫ്ത്താൽമിക് അസിസ്റ്റന്റുമാർ

2614 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ എത്ര ഓഫ്ത്താൽമിക് അസിസ്റ്റന്റുമാർ പ്രവർത്തിക്കുന്നു; ഗ്രേഡ്, സ്ഥാപനം തിരിച്ച് പൂർണ്ണ വിവരം വ്യക്തമാക്കുമോ;

(ബി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ എത്ര ഓഫ്ത്താൽമിക് അസിസ്റ്റന്റുമാർ പ്രവർത്തിക്കുന്നു; ഗ്രേഡ്, സ്ഥാപനം തിരിച്ചുള്ള പൂർണ്ണ വിവരം വ്യക്തമാക്കുമോ;

(സി) ഇരട്ട നിയന്ത്രണം ഒഴിവാക്കൽ പ്രക്രിയയിലൂടെ ഡി. എം. ഇ. യിൽ എത്തിയ പ്രസ്തുത തസ്തികയിലുള്ള മുഴുവൻ പേരും പ്രസ്തുത പ്രക്രിയയിലെ മാനദണ്ഡങ്ങൾക്ക് വിധേയമായാണോ ഡി. എം. ഇ. യിൽ നിയമിതരായതെന്ന് വ്യക്തമാക്കുമോ;

(ഡി) ഡി. എം. ഇ, ഡി. എച്ച്. എസ് വകുപ്പുകളിൽ പ്രവർത്തിക്കുന്ന ചില ഓഫ്ത്താൽമിക് അസിസ്റ്റന്റുമാർ കണ്ണാടിക്കടകൾ നടത്തുന്നവരും കമ്മിഷൻ കൈപ്പറ്റുന്നവരും, ഓഫീസ് സമയത്ത് പോലും അത്തരത്തിൽ പ്രവർത്തിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ, ആർക്കെങ്കിലും എതിരെ നടപടി സ്വീകരിച്ചോ; വിശദാംശം വ്യക്തമാക്കുമോ;

(ഇ) അനർഹർ സീനിയോറിറ്റി മറികടന്ന് ഓഫ്ത്താൽമിക് അസിസ്റ്റന്റുമാരായി ഡി. എം. ഇ. യിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ അവരെ ഡി. എം. ഇ ലേയ്ക്ക് മടക്കി അയയ്ക്കാനും അർഹരെ ഡി. എച്ച്. എസ്. യിൽ നിയമിക്കാനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

ടാങ്കറുകളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് ലൈസൻസ്

2615 ശ്രീ. സി.പി. മുഹമ്മദ്
,, കെ. ശിവദാസൻ നായർ
,, അൻവർ സാദത്ത്
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള സ്രോതസ്സുകളിൽ നിന്ന് ടാങ്കറുകളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് ലൈസൻസ് നിർബന്ധമാക്കാൻ ആരോഗ്യവകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ;

(ബി) മാലിന്യം കലർന്ന ജലം വിതരണം ചെയ്യുന്നത് തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഇത് വഴി ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇതിനായി, എന്തെല്ലാം മാനദണ്ഡങ്ങളാണ് ഭക്ഷ്യസുരക്ഷാ വകുപ്പ് നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

ഭക്ഷ്യസുരക്ഷാ രജിസ്ട്രേഷന്‍ ഓണ്‍ലൈനില്‍

2616 ശ്രീ. പി.സി. വിഷ്ണുനാഥ്
,, ഐ. സി. ബാലകൃഷ്ണന്‍
,, ഷാഫി പറമ്പില്‍
,, എ. റ്റി. ജോര്‍ജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഭക്ഷ്യസുരക്ഷാ രജിസ്ട്രേഷന്‍, ഓണ്‍ലൈനില്‍ ലഭ്യമാക്കുന്നതിനുള്ള സംവിധാനത്തിന് തുടക്കമിട്ടിട്ടുണ്ടോ;

(ബി) എന്തെല്ലാം സൗകര്യങ്ങളാണ് ഇതുവഴി ലഭിക്കുന്നത്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) ഏതെല്ലാം ഏജന്‍സികളുമായി സഹകരിച്ചാണ് ഈ സംവിധാനം പ്രവര്‍ത്തിക്കുന്നത് വിശദമാക്കുമോ ?

**കേരള നിയമസഭ**
**14.02.2013-ലെ മറുപടിക്ക്**

<u>ഭക്ഷ്യസുരക്ഷാ ലൈസൻസ്</u>

2617 ശ്രീ. ബെന്നി ബെഹനാൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, റ്റി. എൻ. പ്രതാപൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ ലൈസൻസ് ഓൺ ലൈനിൽ ലഭ്യമാക്കുന്നതിനുള്ള സംവിധാനത്തിന് തുടക്കമിട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം സൗകര്യങ്ങളാണ് ഇതുവഴി ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളുമായി സഹകരിച്ചാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്; വിശദമാക്കുമോ?

## കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

ഫുഡ് സേഫ്റ്റി കമ്മീഷന്‍

2618 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ഫുഡ് സേഫ്റ്റി കമ്മീഷണറെ നിയമിക്കുകയും, കമ്മീഷണറേറ്റ് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ;

(ബി) ഫുഡ് സേഫ്റ്റി കമ്മീഷന്റെ ഘടനയും പ്രവര്‍ത്തനവും വ്യക്തമാക്കുമോ;

(സി) ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട വിഷയങ്ങളില്‍ പൊതുജനങ്ങള്‍ക്ക് കമ്മീഷനെ സമീപിക്കുന്നതിനുള്ള സംവിധാനങ്ങള്‍ എന്തൊക്കെയെന്നു വ്യക്തമാക്കുമോ;

(ഡി) ഫുഡ് സേഫ്റ്റി കമ്മീഷന്‍ നാളിതുവരെ എത്ര സ്ഥാപനങ്ങളില്‍ റെയ്ഡ് നടത്തി നടപടികള്‍ എടുത്തുവെന്നു വ്യക്തമാക്കുമോ;

(ഇ) എന്തെല്ലാം നടപടികളാണ് എടുത്തതെന്നും, ഏതെല്ലാം വകുപ്പുകള്‍ അനുസരിച്ചാണ് നടപടിയെടുത്തതെന്നും വ്യക്തമാക്കുമോ;

(എഫ്) ഭക്ഷ്യസുരക്ഷാ കമ്മീഷന്റെ പ്രവര്‍ത്തനങ്ങള്‍ക്കാവശ്യമായ ചട്ടങ്ങള്‍ രൂപീകരിച്ചു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

ഭക്ഷണവസ്തുക്കളിൽ മായം

2619 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭക്ഷണവസ്തുക്കളിൽ മായം ചേർത്ത് വലിയ തോതിൽ വിൽപന നടത്തിവരുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ, അത് തടയുന്നതിനായി നിലവിൽ എന്തെല്ലാം സംവിധാനങ്ങൾ പ്രവർത്തിക്കുന്നു; എന്ന് വ്യക്തമാക്കുമോ;

(ബി) ഭക്ഷ്യവസ്തുക്കളിൽ മായം ചേർത്ത് വിറ്റതിന് 2011-12 കാലത്ത് എത്ര കേസുകൾ എടുത്തു; ഏതെല്ലാം സ്ഥാപനങ്ങൾക്കെതിരെയാണ് കേസ് എടുത്തത്; ഫൈൻ ഇനത്തിൽ, എത്ര രൂപ ശേഖരിച്ചു; ജില്ലാടിസ്ഥാനത്തിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(സി) നിലവിൽ എവിടെയൊക്കെയാണ് ഭക്ഷ്യലബോറട്ടറികൾ പ്രവർത്തിക്കുന്നത്; ഭക്ഷ്യവസ്തുക്കളിൽ മായം ചേർത്ത് വിൽക്കുന്നത് വലിയ തോതിൽ വർധിച്ചുവരുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഭക്ഷ്യലബോറട്ടറികൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ; അതിനാവശ്യമായ തീരുമാനം കൈക്കൊള്ളുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകൾ</u>

2620 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളിൽ ഭൂരിഭാഗവും ശിക്ഷിക്കപ്പെടാതെ പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) 2012 ജനുവരി മുതൽ ഡിസംബർ വരെ മായം ചേർക്കലുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) സംസ്ഥാനത്ത് ഇത് സംബന്ധിച്ച് ആകെ എത്ര കേസുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

ഫോർമാലിൻ കലർന്ന മത്സ്യം

2621 ശ്രീ. എ.കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന മത്സ്യത്തിൽ ഫോർമാലിൻ കലർത്തുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിശോധിക്കുന്നതിന് ചെക്ക് പോസ്റ്റുകളിൽ എന്തൊക്കെ സംവിധാനങ്ങളാണ് ഉള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) ഫോർമാലിൻ കലർന്ന മത്സ്യം സ്ഥിരമായി കഴിക്കുന്നതുകൊണ്ട് കാൻസർ മുതലായ മാരകരോഗങ്ങൾ വരാൻ സാധ്യതയേറുമെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഫോർമാലിൻ കലർന്ന മത്സ്യം സംസ്ഥാനത്ത് എത്തിച്ചേരുന്നത് തടയുന്നതിന് കർശനമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>കറുവപ്പട്ടയ്ക്കുപകരം കാസിയ മരത്തിന്റെ തോൽ</u>

2622 ശ്രീ. വി. എസ്. സുനിൽ കുമാർ
,, മുല്ലക്കര രത്നാകരൻ
ശ്രീമതി ഗീതാ ഗോപി
,, പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കറികളിൽ രുചി വർദ്ധിപ്പിക്കുന്നതിനുവേണ്ടിയും ഔഷധ ആവശ്യങ്ങൾക്കുവേണ്ടിയും ഉപയോഗിക്കുന്ന കറുവപ്പട്ടയ്ക്കുപകരം 'കാസിയ' എന്ന മരത്തിന്റെ തോല് വ്യാപകമായി ഉപയോഗിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ, പ്രസ്തുത 'കാസിയ' മരത്തിന്റെ തൊലിയിൽ മാരകമായ രോഗങ്ങളുണ്ടാക്കുന്ന, പ്രത്യേകിച്ച് കുട്ടികളിൽ മരണംവരെ സംഭവിക്കാവുന്നതുമായ വിഷാംശം അടങ്ങിയിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത മരത്തിന്റെ തൊല് ഇറക്കുമതി ചെയ്യുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അനുമതി നൽകിയിട്ടുണ്ടോ;

(സി) ഈ തോലിന്റെ വിപണനം, ഉപയോഗം എന്നിവ തടയാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ, എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>ഹോട്ടലുകളും റെസ്റ്റോറന്റുകളും കേന്ദ്രീകരിച്ച്</u>
<u>രജിസ്റ്റർചെയ്ത കേസ്സുകൾ</u>

-

2623 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ഹോട്ടലുകളും റെസ്റ്റോറന്റുകളും കേന്ദ്രീകരിച്ച് നടത്തിയ പരിശോധനയിൽ, എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ രജിസ്റ്റർ ചെയ്ത കേസുകളിൽ, എത്ര പേർ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കുമോ ?

## കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>ഭക്ഷ്യവിഷബാധ</u>

2624 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരമേറ്റശേഷം ഹോട്ടലുകൾ മുഖേന ഭക്ഷ്യവിഷബാധയെത്തുടർന്ന് സംസ്ഥാനത്ത് എത്ര പേർ മരണപ്പെട്ടു എന്നറിയിക്കാമോ;

(ബി) ഭക്ഷ്യ വസ്തുക്കളിൽ മായം കണ്ടെത്തിയതിനെ തുടർന്ന് എത്ര കേസുകൾ രജിസ്റ്റർ ചെയ്തുവെന്നും എത്ര എണ്ണത്തിൽ ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>ഭക്ഷ്യസുരക്ഷാ ചട്ടത്തിൻകീഴിൽ പാലക്കാട് ജില്ലയിലെ സ്ഥാപനങ്ങളിൽ പരിശോധന</u>

2625 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാ ചട്ടത്തിൻകീഴിൽ കഴിഞ്ഞ 3 മാസത്തിനുള്ളിൽ, പാലക്കാട് ജില്ലയിലെ എത്ര സ്ഥാപനങ്ങളിൽ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ പരിശോധന നടത്തി;

(ബി) ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തിയ സ്ഥാപനങ്ങൾ എത്രയാണ്; സ്ഥാപനങ്ങളുടെ പേര് വ്യക്തമാക്കുമോ;

(സി) പിഴയായി എത്ര തുക ഈടാക്കി; മറ്റു നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഭക്ഷ്യസുരക്ഷാ ചട്ടത്തിൻകീഴിൽ പരാതിക്കാരുടെ പരാതി പരിഹരിക്കുന്നതിന് അഡ്ജൂഡിക്കേറ്റിംഗ് ഓഫീസർമാരെ നിയമിക്കുന്ന നടപടി ത്വരിതപ്പെടുത്തുമോ?

# കേരള നിയമസഭ
# 14.02.2013-ലെ മറുപടിക്ക്

<u>ആശാവര്‍ക്കര്‍മാരുടെ ഓണറേറിയം</u>

2626 ശ്രീ. ഇ. ചന്ദ്രശേഖരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവുംവകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ ആശാവര്‍ക്കര്‍മാരുടെ ഓണറേറിയത്തില്‍, എത്ര മാസത്തെ കുടിശ്ശിക ഉണ്ടെന്ന് അറിയിക്കാമോ ;

(ബി) പുതിയതായി നിയമിച്ച ആശാവര്‍ക്കര്‍മാര്‍ക്ക് ഓണറേറിയം, യൂണിഫോം എന്നിവ നല്‍കിത്തുടങ്ങിയിട്ടുണ്ടോ; ഇല്ലെങ്കില്‍, എന്നു മുതല്‍ നല്‍കുമെന്ന് അറിയിക്കാമോ;

(സി) അംഗനവാടിയിലെ ന്യൂട്രിഷന്‍ ക്ലാസുകള്‍ക്ക്, എത്ര രൂപയായിരുന്നു അലവന്‍സ് നല്‍കിയിരുന്നത് ; ഇപ്പോള്‍, എത്രയാണ് നല്‍കുന്നത് ;

(ഡി) ഫീല്‍ഡ് വര്‍ക്ക്, ഈഡിസ് സര്‍വ്വേ എന്നിവയ്ക്ക് എന്തെങ്കിലും ആനുകൂല്യത്തിന് വ്യവസ്ഥയുണ്ടോ ; ഉണ്ടെങ്കില്‍, എന്തെല്ലാമാണ് ; ഇത് ഇപ്പോള്‍ നല്‍കുന്നുണ്ടോ; ഇല്ലെങ്കില്‍, നല്‍കുവാന്‍ നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>സർക്കാർ ആരംഭിക്കാനിരിക്കുന്ന മെഡിക്കൽ കോളേജുകളുടെ എണ്ണം</u>

2627 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകൾക്ക് പുറമെ പുതുതായി എത്ര സർക്കാർ മെഡിക്കൽ കോളേജുകൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കാമോ;

(ബി) പുതിയ ഏതെല്ലാം സർക്കാർ മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിന് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അനുമതി ലഭിക്കുകയുണ്ടായെന്ന് വ്യക്തമാക്കുമോ;

(സി) ഒരു പുതിയ മെഡിക്കൽ കോളേജ് തുടങ്ങുന്നതിന് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ മാനദണ്ഡങ്ങൾ പ്രകാരം ഏറ്റവും ചുരുങ്ങിയത് എത്ര അദ്ധ്യാപകരുണ്ടാകണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്;

(ഡി) നിലവിൽ ഓരോ സർക്കാർ മെഡിക്കൽ കോളേജുകളിലും എത്ര അദ്ധ്യാപക തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നത്;

(ഇ) പുതുതായി അനുമതി ലഭിച്ച മെഡിക്കൽ കോളേജുകളിൽ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതത്തിൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ എന്തെങ്കിലും ഇളവ് അനുവദിക്കുകയുണ്ടായിട്ടുണ്ടോ?

**കേരള നിയമസഭ**
**14.02.2013-ലെ മറുപടിക്ക്**

<u>എമര്‍ജന്‍സി മെഡിസിനിലെ സീറ്റുകള്‍</u>

2628

ശ്രീ. എ. എം. ആരീഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരള പി.ജി. എന്‍ട്രന്‍സ് വഴി എം.ഡി. എമര്‍ജന്‍സി മെഡിസിനില്‍ ഗവണ്‍മെന്റ് മെഡിക്കല്‍ കോളേജുകളില്‍ എത്ര സീറ്റുകള്‍ തുടങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കില്‍, ഏതെല്ലാം മെഡിക്കല്‍ കോളേജുകളില്‍ എത്ര സീറ്റുകള്‍ വീതം അനുവദിച്ചതായും, ഇതിനാവശ്യമായ ടീച്ചിംഗ് സ്റ്റാഫും, സാമഗ്രികള്‍ വാങ്ങുന്നതിനുള്ള ഫണ്ടും അനുവദിച്ചിട്ടുണ്ടോ എന്നും വെളിപ്പെടുത്തുമോ;

(സി) അത്യാഹിതത്തില്‍പ്പെടുന്ന സാധാരണക്കാരുടെ ജീവന്‍ രക്ഷിക്കാന്‍ എമര്‍ജന്‍സി മെഡിസിന്‍ ഡിപ്പാര്‍ട്ട്മെന്റിനു കഴിയുന്ന തരത്തില്‍ വിപുലപ്പെടുത്താന്‍ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

ബി. എ. എം. എസ്. പ്രവേശനത്തിന് സംവരണം

2629 ശ്രീ. മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭാരതീയ ചികിത്സാ വകുപ്പിന്റെ കീഴിലുള്ള ആയുർവേദ ആശുപത്രികളിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്ന ഫാർമസിസ്റ്റുകൾക്ക് ബി. എ. എം. എസ്. പ്രവേശനത്തിന് സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ, പ്രസ്തുത തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് ബി. എ. എം. എസ്. പ്രവേശനത്തിന് സംവരണം ഏർപ്പെടുത്തുവാനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 14.02.2013-ലെ മറുപടിക്ക്

സംസ്ഥാനത്തെ മെഡിക്കല്‍ കോളേജുകളില്‍ സൂപ്പര്‍ സ്പെഷ്യാലിറ്റി കോഴ്സുകള്‍

2630 ശ്രീ. കെ. വി. അബ്ദുള്‍ ഖാദര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ മെഡിക്കല്‍ കോളേജുകളില്‍ സൂപ്പര്‍ സ്പെഷ്യാലിറ്റി കോഴ്സുകള്‍ക്ക് ആകെ എത്ര സീറ്റുകളാണ് ഉള്ളത് ;

(ബി) പ്രസ്തുത കോഴ്സിന് അഖിലേന്ത്യാ പ്രവേശന പരീക്ഷ ബാധകമാക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) അത്തരം സാഹചര്യത്തില്‍, സംസ്ഥാനത്തെ വിദ്യാര്‍ത്ഥികളുടെ അവസരം നഷ്ടപ്പെടും എന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ഡി) സര്‍ക്കാര്‍ സര്‍വ്വീസ് ക്വാട്ടയെ അത് ഏതുതരത്തില്‍ ബാധിക്കും എന്ന് പരിശോധിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>ഒഫ്താൽമോളജി സീനിയർ ലക്ചറർ തസ്തിക</u>

2631 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽ ഒഫ്താൽമോളജി സീനിയർ ലക്ചറർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

**കേരള നിയമസഭ**
**14.02.2013-ലെ മറുപടിക്ക്**

<u>സര്‍ക്കാര്‍ മെഡിക്കല്‍ കോളേജുകളില്‍ ആധുനിക ഉപകരണങ്ങള്‍</u>

2632 ശ്രീ. ഇ.പി. ജയരാജന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2011-'12 ബഡ്ജറ്റിലും 2012-2013 ബഡ്ജറ്റിലും സംസ്ഥാനത്തെ സര്‍ക്കാര്‍ മെഡിക്കല്‍ കോളേജുകളിലേയ്ക്ക് രോഗനിര്‍ണയത്തിനും രോഗചികിത്സകള്‍ക്കും സഹായകരമായ ആധുനിക ഉപകരണങ്ങള്‍ വാങ്ങുന്നതിന് എത്ര തുകവീതം നീക്കിവച്ചിരുന്നുവെന്നും ഓരോ മെഡിക്കല്‍ കോളേജിനും എത്രതുക ഏതുപകരണത്തിനായി നീക്കിവച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) ഇതുപ്രകാരം ഏതെല്ലാം മെഡിക്കല്‍ കോളേജുകളില്‍ ഏതെല്ലാം ഉപകരണങ്ങള്‍ വാങ്ങി സ്ഥാപിച്ചുവെന്നും ഇതിനായി എത്ര തുക ചെലവഴിച്ചു കഴിഞ്ഞുവെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>ഹാർട്ട് ലങ് മെഷീൻ വാങ്ങുന്നതിലുള്ള തട്ടിപ്പ്</u>

2633 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കാർഡിയോ തൊറാസിക് വിഭാഗത്തിനായി വാങ്ങുന്ന ഹാർട്ട് ലങ് മെഷീന്റെ മറവിൽ വൻ തട്ടിപ്പിന് കളമൊരുങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആദ്യ ടെണ്ടറിനേക്കാൾ 17 ലക്ഷത്തിലേറെ രൂപ അധികമായി വരുന്ന രണ്ടാമത്തെ ടെണ്ടറിന് ആശുപത്രി വികസന സമിതി അംഗീകാരം നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 57 ലക്ഷത്തിന്റെ ആദ്യ ടെണ്ടർ അട്ടിമറിച്ചും, ടെണ്ടർ അംഗീകരിച്ച സർക്കാർ ഉത്തരവ് പൂഴ്ത്തി വച്ചും 74 ലക്ഷം രൂപയുടെ രണ്ടാമത്തെ ടെണ്ടർ ഉറപ്പാക്കി 17 ലക്ഷം രൂപ അധിക ബാധ്യത വരുത്താൻ നീക്കം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) കാർഡിയോ തൊറാസിക് വിഭാഗത്തിൽ നിലവിൽ എത്ര ഹാർട്ട് ലങ് മെഷീനാണുള്ളത്; ആയത് എപ്പോൾ വാങ്ങിയതാണ്; സുതാര്യമായ വിധത്തിൽ പുതിയ മെഷീൻ വാങ്ങാൻ ആവശ്യമായ നടപടികൾ സ്വീകരിച്ച് പ്രസ്തുത വിഭാഗത്തിൽ രോഗികൾ അനുഭവിക്കുന്ന ദുരിതത്തിന് ശാശ്വത പരിഹാരം കാണാൻ തയ്യാറാകുമോ; വിശദമാക്കുമോ;

(ഇ) ഇപ്പോഴത്തെ റഫറൽ സംവിധാനം, തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയുടെ ഒ. പി. ബ്ലോക്കിൽ ഏജന്റുമാർക്ക് വീണ്ടും താവളമൊരുക്കുന്നുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(എഫ്) ടിക്കറ്റൊന്നിന് 100 രൂപ നൽകിയാൽ എത്ര തിരക്കായാലും ഏജന്റുമാർ ഒ. പി. ടിക്കറ്റ് സംഘടിപ്പിച്ച് കൊടുക്കുന്നതായും ദിവസേന 5000 മുതൽ 6000 രൂപ വരെ

# കേരള നിയമസഭ

## 14.02.2013-ലെ മറുപടിക്ക്

ചില ഏജന്റുമാർ വരുമാനമുണ്ടാക്കുന്നതായും ആയത് ഏതാനും ജീവനക്കാരും, ഡോക്ടർമാരും കൂടി വീതംവച്ചെടുക്കുന്നതുമായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(എ) എങ്കിൽ, ഇത്തരം ഏജന്റുമാരെ പിടികൂടി നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>തിരുവനന്തപുരം മെഡിക്കൽ കോളേജിൽ തൈറോയിഡ് രോഗ നിർണ്ണയം</u>

2634 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ തൈറോയിഡ് രോഗനിർണ്ണയ എഫ്റ്റി 3, എഫ്റ്റി 4 പരിശോധനകൾ ലഭ്യമാണോ;

(ബി) കേരളത്തിൽ ഏതെങ്കിലും മെഡിക്കൽ കോളേജുകളിലോ, പബ്ലിക് ഹെൽത്ത് ലബോറട്ടറികളിലോ ഇത്തരം ടെസ്റ്റുകൾക്കുള്ള സംവിധാനമുണ്ടോ;

(സി) ഇത്തരം നിസ്സാരമായ പരിശോധനകൾക്കുവേണ്ടി സാധാരണക്കാർ വളരെയധികം ബുദ്ധിമുട്ടനുഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മെഡിക്കൽ കോളേജുകളിൽ ലഭ്യമല്ലാത്ത പരിശോധനാ സംവിധാനങ്ങൾ അടിയന്തിരമായിഏർപ്പെടുത്തുന്നതിന് ശ്രമിക്കുമോ;

## കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

ലേസർ ലിത്തോട്രിപ്സിയന്ത്രം പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടി

2635 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ലേസർലിത്തോട്രിപ്സിയന്ത്രം കേടായിട്ട് എത്ര നാളുകളായി; ഈ യന്ത്രം ഇപ്പോൾ പ്രവർത്തനസജ്ജമാണോ;

(ബി) ഇല്ലെങ്കിൽ, ഈ യന്ത്രം പ്രവർത്തനസജ്ജമാക്കാൻ നടപടി സ്വീകരിയ്ക്കാത്ത ഉദ്യോഗസ്ഥൻ ആരാണെന്ന് വെളിപ്പെടുത്താമോ;

(സി) ഈ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

സ്വകാര്യലാബിന്റെ രക്തപരിശോധനാഫലം

2636 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിലെ ഗ്യാസ്ട്രോ എൻട്രോളജിയുടെ ഡോക്ടർ ചികിത്സിക്കണമെങ്കിൽ സ്വകാര്യലാബിന്റെ രക്തപരിശോധനാ ഫലം തന്നെ വേണമെന്ന് നിഷ്കർഷിക്കുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മെഡിക്കൽ കോളേജിലെ ലാബ്, എ.സി.ആർ ലാബ്, പബ്ലിക് ഹെൽത്ത് ലാബ് എന്നിവിടങ്ങളിലെ പരിശോധനാ ഫലങ്ങളിൽ ഡോക്ടർക്ക് താത്പര്യമില്ലായെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യങ്ങളിൽ അന്വേഷണം നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>തൃശൂർ മെഡിക്കൽ കോളേജ്</u>

2637

ശ്രീ. വി. എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശൂർ മെഡിക്കൽ കോളേജിൽ കാത്ത്ലാബ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായി എന്ന് വ്യക്തമാക്കാമോ;

(ബി) തൃശൂർ മെഡിക്കൽ കോളേജിന്റെ പുതിയ വാർഡിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാക്കി എന്നത്തേയ്ക്ക് തുറന്നുപ്രവർത്തിപ്പിക്കാനാകുമെന്ന് വ്യക്തമാക്കാമോ;

(സി) പുതിയ വാർഡ് വരുന്നതോടെ എത്ര തസ്തികകൾ പുതിയതായി വേണ്ടിവരുമെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ, ഇതിനുള്ള നടപടികൾ ഏതുവരെയായി എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

തൃശൂർ മെഡിക്കൽ കോളേജിലേയ്ക്ക് ആവശ്യമായ മരുന്ന്

2638

ശ്രീ. വി. എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശൂർ മെഡിക്കൽ കോളേജിലേയ്ക്ക് ആവശ്യമായ മരുന്ന് നൽകേണ്ട മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് യഥാസമയം ഇന്റന്റ് നൽകാത്തതിന്റെ പേരിൽ രോഗികൾക്ക് ആവശ്യത്തിന് മരുന്നുകൾ ലഭ്യമാകാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് തൃശൂർ ജില്ലയിലെ എം.എൽ.എ. മാർ ആശുപത്രിയിലും മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ഗോഡൗണിലും നേരിട്ടെത്തി പരിശോധന നടത്തിയപ്പോൾ കണ്ട ക്രമക്കേടുകൾ സംബന്ധിച്ച് ഏതെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ, അതിന്റെ വിശദാംശം വ്യക്തമാക്കാമോ;

(ഡി) ഇതു സംബന്ധിച്ചു നടന്ന ക്രമക്കേടിന്മേൽ ആർക്കെങ്കിലുമെതിരെ ശിക്ഷണ നടപടി സ്വീകരിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>കോഴിക്കോട് മെഡിക്കൽ കോളേജിൽ 2008 മുതൽ കേന്ദ്ര സർക്കാർ അനുവദിച്ച തുക</u>

2639 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ 2008 മുതൽ കേന്ദ്ര സർക്കാർ ഏതെല്ലാം പദ്ധതികൾക്കായി എത്ര രൂപ വീതം അനുവദിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജ്</u>

2640 ശ്രീ. പി. ശ്രീരാമകൃഷ്ണൻ
'' കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
'' രാജു എബ്രഹാം
'' കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജ് സ്ഥാപിക്കാൻ തീരുമാനിച്ചതായുള്ള മുഖ്യമന്ത്രിയുടെ പ്രഖ്യാപനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവയെല്ലാം സർക്കാർ മേഖലയിലാണോ;

(ബി) ഈ സാഹചര്യത്തിൽ സർക്കാർ തുടങ്ങുമെന്ന് നേരത്തെ പ്രഖ്യാപിച്ചിരുന്ന അഞ്ചു പുതിയ മെഡിക്കൽ കോളേജുകളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിനു വേണ്ട സ്ഥലവും ധനവിഭവവും എത്രയെന്നും അത് സമാഹരിക്കാനുള്ള മാർഗ്ഗങ്ങളും വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>സ്വകാര്യ സ്വാശ്രയ കോളേജുകളുടെ പ്രവര്‍ത്തനത്തില്‍ കണ്ടെത്തിയ ന്യൂനതകള്‍</u>

2641

ശ്രീ. ഇ. പി. ജയരാജന്‍
,, എ. കെ. ബാലന്‍
,, റ്റി. വി. രാജേഷ്
,, ആര്‍. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ആരോഗ്യ സര്‍വ്വകലാശാല ഗവേണിംഗ് കൗണ്‍സിലിന്റെ മിന്നല്‍ പരിശോധനയുടെ അടിസ്ഥാനത്തില്‍, സ്വകാര്യ സ്വാശ്രയ കോളേജുകളുടെ പ്രവര്‍ത്തനത്തില്‍ കണ്ടെത്തിയ ന്യൂനതകള്‍ സര്‍ക്കാര്‍ പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ ന്യൂനതകള്‍ പരിഹരിക്കപ്പെട്ടോ എന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ;

(സി) പരിശോധനാ റിപ്പോര്‍ട്ടുകള്‍ ഇല്ലാതെ എം.എസ്., എം.ഡി. ഉള്‍പ്പെടെയുള്ള കോഴ്സുകളും അഫിലിയേഷനും അനുവദിച്ചുവെന്ന ആരോപണം അന്വേഷിക്കാന്‍ തയ്യാറാകുമോ;

(ഡി) സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങളിലെ നിലവാരത്തകര്‍ച്ചയ്ക്കു കാരണം ആരോഗ്യ സര്‍വ്വകലാശാലയുടെ പ്രവര്‍ത്തനത്തിലെ വീഴ്ചയാണെന്ന ആക്ഷേപം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>സീ-മെറ്റ്-ൽ രജിസ്ട്രാർ നിയമനം</u>

2642 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആന്റ് ടെക്നോളജി (സി-മെറ്റ്)യുടെ പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) നിലവിൽ രജിസ്ട്രാർ തസ്തികയുണ്ടോ; എങ്കിൽ പ്രസ്തുത തസ്തികയിൽ നിയമനം നടത്തുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങൾ പാലിക്കപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>കോഴിക്കോട് മെഡിക്കൽ കോളേജിലെ സ്പെക്ട് ഗ്രാമ ക്യാമറ</u>

2643 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ സ്പെക്ട് ഗ്രാമ ക്യാമറ സ്ഥാപിക്കുന്നതിനായി കേന്ദ്ര സർക്കാർ തുക അനുവദിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര രൂപയാണ് അനുവദിച്ചത്;

(സി) തുക അനുവദിച്ചതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) തുക ലഭിച്ചിട്ടുണ്ടെങ്കിൽ ഇതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഇ) തുക ലഭിച്ചിട്ടില്ലെങ്കിൽ പ്രസ്തുത ആവശ്യത്തിന് തുക ലഭിക്കുന്നതിന് വീണ്ടും അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>ആരോഗ്യവിദ്യാഭ്യാസമേഖലയിലെ നിലവാരത്തകർച്ച</u>

2644 ശ്രീ. എം.എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യസർവ്വകലാശാലയിലെ നിലവിലുള്ള ഗവേണിംഗ് ബോഡിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ആരോഗ്യവിദ്യാഭ്യാസമേഖലയിൽ പ്രകടമാകുന്ന ഗുരുതരമായ നിലവാരത്തകർച്ചയുടെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(സി) സർക്കാർ മെഡിക്കൽ കോളേജുകളിൽ ഉയർന്ന വിജയശതമാനവും, സ്വകാര്യ-സ്വാശ്രയകോളേജുകളിൽ ഭൂരിപക്ഷവും സമ്പൂർണ്ണപരാജയമോ വിജയശതമാനം വളരെത്താഴെയോ ആണെന്നകാര്യം ഗൗരവമായിക്കാണുന്നുണ്ടോ;

(ഡി) എങ്കിൽ, സർക്കാർ മെഡിക്കൽ കോളേജിനൊപ്പം സ്വാശ്രയസ്ഥാപനങ്ങളുടെ കോളേജുകളിലെ പഠനവും വിജയശതമാനവും ഉയർത്തുന്നതിന് എന്തെങ്കിലും നിബന്ധനകൾ മുന്നോട്ടുവച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>ആരോഗ്യ സർവ്വകലാശാല</u>

2645 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആരോഗ്യ സർവ്വകലാശാല ആദ്യമായി നടത്തിയ എം.ബി.ബി.എസ്., ബി.ഡി.എസ്., ബി.എസ്.സി. നഴ്സിംഗ് തുടങ്ങിയ കോഴ്സുകളുടെ പരീക്ഷാ ഫലങ്ങൾ പരിശോധിച്ചിട്ടുണ്ടോ ;

(ബി) പഴയ അഫിലിയേഷൻ ഉൾപ്പെടെ സർവ്വകലാശാലയുടെ കീഴിൽ ഇപ്പോൾ എത്ര സ്ഥാപനങ്ങളാണ് ഉള്ളതെന്നും അതിൽ ഉന്നത വിജയം നേടിയ സ്ഥാപനങ്ങൾ ഏതെല്ലാമെന്നും പ്രത്യേകം വ്യക്തമാക്കുമോ ;

(സി) ബി.എസ്.സി. നഴ്സിംഗ്, ബി.ഡി.എസ്., എം.ഡി.എസ്. ആയുർവേദ ഫാർമസി കോഴ്സുകളിലുമായി യഥാക്രമം എത്ര പേർ വീതം പരീക്ഷ എഴുതിയെന്നും എത്ര പേർ വീതം വിജയിച്ചിട്ടുണ്ടെന്നും പ്രത്യേകം പ്രത്യേകം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>ആരോഗ്യ സർവകലാശാലകളുടെ നിയന്ത്രണം</u>

2646 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ കാരൃക്ഷമമാക്കുന്നതിനും, നിയന്ത്രിക്കുന്നതിനും സർവ്വകലാശാലയ്ക്ക് ജനാധിപത്യ സംവിധാനം ഏർപ്പെടുത്തുന്നതിൽ വിമുഖത കാണിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) മറ്റ് സർവ്വകലാശാലകളിലുള്ളതുപോലെ സെനറ്റും, സിൻഡിക്കേറ്റും അക്കാദമിക് കൗൺസിലും രൂപീകരിക്കാത്തത് സ്വാശ്രയ സ്ഥാപനങ്ങളെ സഹായിക്കാനാണെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആരോഗ്യമേഖലയിൽ നിലനിൽക്കുന്ന അനാരോഗ്യ പ്രവണതകൾ അവസാനിപ്പിക്കുന്നതിന് സർവ്വകലാശാലയെ അടിയന്തിരമായി ജനാധിപത്യവൽക്കരിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

ആരോഗ്യ സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ

2647 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകളുടെ പ്രവർത്തനങ്ങൾക്ക് മാർഗ്ഗ രേഖയാകേണ്ട സ്റ്റാറ്റ്യൂട്ടിന് ആരോഗ്യസർവ്വകലാശാല രൂപം നൽകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) മറ്റു സർവ്വകലാശാലയിലുള്ളതുപോലെ ജനാധിപത്യ സ്വഭാവമുള്ള സെനറ്റോ, സിൻഡിക്കേറ്റോ, അക്കാദമിക് കൗൺസിലോ ആരോഗ്യ സർവ്വകലാശാലയിൽ രൂപീകരിക്കുന്നതിന് എന്താണ് തടസ്സമെന്ന് വിശദീകരിക്കാമോ;

(സി) സർവ്വകലാശാലയുടെ ഗവേണിംഗ് ബോഡിയിൽ എത്ര സർക്കാർ ഉദ്യോഗസ്ഥരുണ്ട്; മറ്റുള്ളവർ ആരൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>ആരോഗ്യ സർവ്വകലാശാലയിലെ സ്ഥാപനങ്ങളുടെ അഫിലിയേഷനുള്ള നിബന്ധനകൾ</u>

2648 ശ്രീ. എം.എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ സർവ്വകലാശാലയിലെ സ്ഥാപനങ്ങളുടെ അഫിലിയേഷനുള്ള നിബന്ധനകൾ എന്തെല്ലാം ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകൾക്ക് പി.ജി. കോഴ്സുകൾ അനുവദിച്ചിരുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പി.ജി. കോഴ്സുകൾ ആരംഭിക്കുന്നതിനും സീറ്റുകൾ വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും ഈ മാനദണ്ഡങ്ങൾക്കനുസരിച്ചാണോ പുതിയ പി.ജി. കോഴ്സുകൾ ആരംഭിച്ചതെന്നും ഉറപ്പു വരുത്തിയിട്ടുണ്ടോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>ആയൂർവേദ ആശുപത്രികൾ</u>

2649 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആയൂർവേദ ജില്ലാ ആശുപത്രികളുടെ നിലവാരം ഉർത്തുന്നതിനുവേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 4 കോടി രൂപയിൽ എത്ര തുക ചെലവഴിച്ചു ;

(ബി) കൊല്ലം ജില്ലാ അശുപത്രി (ആയൂർവേദ) 100 കിടക്കകളുള്ള ആശുപത്രിയായി ഉയർത്താൻ നടപടി സ്വീകരിക്കുമോ; ഇതിനുവേണ്ടി കേന്ദ്ര സഹായവും സംസ്ഥാന ഗവൺമെന്റ് സഹായവും ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

ആയുർവ്വേദ ഡിസ്പെൻസറികൾ

2650 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സംസ്ഥാന ബഡ്ജറ്റിൽ 25 ആയുർവേദ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിരുന്നുവോ;

(ബി) എവിടെയെല്ലാമാണ് ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് തീരുമാനിച്ചതെന്ന് വെളിപ്പെടുത്താമോ;

(സി) ഇതിൽ, ഓരോന്നിന്റെയും പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ഡി) ഇതിൽ, എത്ര ഡിസ്പെൻസറികൾ പ്രവർത്തനം ആരംഭിച്ചെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

ഡ്രഗ്ഗ് ടെസ്റ്റിംഗ് യൂണിറ്റുകൾ

2651 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഡ്രഗ്ഗ് ടെസ്റ്റിംഗ് യൂണിറ്റുകളാണുള്ളത് എന്നറിയിക്കുമോ;

(ബി) പ്രതിവർഷം എത്ര സാമ്പിളുകൾ ഇവിടെ പരിശോധനയ്ക്ക് എത്തുന്നുണ്ട്;

(സി) വിപണിയിലെത്തുന്ന മരുന്നുകളിൽ എത്ര ശതമാനം പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) എത്ര ശതമാനം ഇപ്പോൾ പരിശോധനയ്ക്ക് വിധേയമാകുന്നുണ്ട് എന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

ഫാർമസി ഇൻസ്പെക്ടർമാരുടെ നിയമനം

2652 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എല്ലാ ജില്ലകളിലും ഫാമർസി ഇൻസ്പെക്ടർമാരെ നിയമിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

ഡ്രഗ്സ് ഇൻസ്പെക്ടർമാരുടെ തസ്തികകൾ

2653 ശ്രീ.ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ഡ്രഗ്സ് ഇൻസ്പെക്ടർമാരുടെ എത്ര തസ്തികകളാണ് ഉള്ളതെന്നും എന്നാണ് ഈ തസ്തിക നിർണ്ണയം നടപ്പിലാക്കിയതെന്നും അറിയിക്കാമോ;

(ബി) അന്ന് സംസ്ഥാനത്ത് എത്ര മെഡിക്കൽ സ്റ്റോറുകളാണ് ഉണ്ടായിരുന്നതെന്നും ഇന്ന് എത്ര മെഡിക്കൽ സ്റ്റോറുകളാണ് ഉള്ളതെന്നും വ്യക്തമാക്കാമോ;

(സി) മരുന്നുകളുടെ ഉൽപാദനവും ഉപയോഗവും മെഡിക്കൽ സ്ഥാപനങ്ങളും വർദ്ധിച്ച സാഹചര്യത്തിൽ ഡ്രഗ്സ് ഇൻസ്പെക്ടർമാരുടെ തസ്തികകളിൽ ആവശ്യമായ വർദ്ധനവ് വരുത്തുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

മരുന്നുകളുടെ വിലവർദ്ധന

2654 ഡോ. ടി.എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജീവൻരക്ഷാ മരുന്നുകളുടെയടക്കം വില കുതിച്ചുയരാൻ കാരണമായ കേന്ദ്ര ഔഷധ നയത്തെ അനുകൂലിക്കുന്നുണ്ടോ;

(ബി) ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന മൂന്ന് ബ്രാന്റുകളുടെ ശരാശരി വില പരിധിയായി എടുത്തു കൊണ്ടുള്ള കമ്പോളാധിഷ്ഠിത വില നിർണ്ണയ രീതി മരുന്നുകളുടെ വില വൻതോതിൽ വർദ്ധിപ്പിക്കാൻ കാരണമാകുമെന്നത് പരിശോധിച്ചിട്ടുണ്ടോ;

(സി) മരുന്നു വിപണി കൈയ്യടക്കാൻ ബഹുരാഷ്ട്ര കുത്തകകളെ സഹായിക്കുന്ന കേന്ദ്ര നയം സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

കമ്പനികള്‍ മരുന്നുകള്‍ക്ക് ഈടാക്കുന്ന അമിതവില

2655 പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. കെ. സുരേഷ് കുറുപ്പ്
,, പുരുഷന്‍ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കമ്പനികള്‍ മരുന്നിന് അമിതവില ഈടാക്കുന്ന വിവരം നിയമസഭയില്‍ ഉറപ്പു നല്‍കിയ പ്രകാരം കേന്ദ്രസര്‍ക്കാരിന്റെ ശ്രദ്ധയില്‍പ്പെടുത്തിയിരുന്നുവോ; പകര്‍പ്പ് നല്‍കുമോ ;

(ബി) ഇക്കാര്യത്തില്‍ കേന്ദ്ര സര്‍ക്കാരിന്റെ നിലപാടെന്തായിരുന്നു എന്നറിയിക്കാമോ ;

(സി) കേന്ദ്ര സര്‍ക്കാരിന്റെ ഔഷധവില നയമാണ് വിലക്കയറ്റത്തിനു കാരണമെന്ന് മനസിലാക്കിയിട്ടുണ്ടോ; എങ്കില്‍ ഇത് തിരുത്താനായി കേന്ദ്ര സര്‍ക്കാരിനോട് ആവശ്യപ്പെടുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

അവശ്യമരുന്നുകളുടെ വില നിയന്ത്രണം

2656 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവശ്യമരുന്നുകളുടെ വില അനിയന്ത്രിതമായി കുതിച്ചുയരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രവണതയ്ക്കെതിരെ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ;

(സി) അവശ്യമരുന്നുകൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>ജീവന്‍രക്ഷാ മരുന്നുകളുടെ വില നിയന്ത്രണം</u>

2657 ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ജീവന്‍രക്ഷാ മരുന്നുകളുടെ വില നിയന്ത്രിക്കുന്നതിന് സര്‍ക്കാര്‍ കൈക്കൊണ്ട നടപടികള്‍ വിശദമാക്കാമോ;

(ബി) ജീവന്‍രക്ഷാ മരുന്നുകളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് കൈക്കൊള്ളുന്ന നടപടികള്‍ വ്യക്തമാക്കാമോ;

(സി) ഇത്തരം മരുന്നുകളില്‍ ഗുണനിലവാരമില്ലാത്തവ പരിശോധനയില്‍ കണ്ടെത്തിയിട്ടുണ്ടോ

(ഡി) എങ്കില്‍ അവ നിര്‍മ്മിച്ച കമ്പനികള്‍ക്കെതിരെ എടുത്ത നടപടികളുടെ വിശദാംശങ്ങള്‍ നല്‍കാമോ?

## കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>ജീവൻരക്ഷാ മരുന്നുകളുടെ ഗുണനിലവാരം</u>

2658 ശ്രീ. സി. ദിവാകരൻ
,, ചിറ്റയം ഗോപകുമാർ
,, പി. തിലോത്തമൻ
,, കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജീവൻരക്ഷാ മരുന്നുകൾ ഉൾപ്പെടെയുള്ള മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) വിപണിയിലെത്തുന്ന മരുന്നുകളുടെ നാലുശതമാനം മാത്രമേ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നുള്ളൂ എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മരുന്നുകളുടെ പരിശോധന കാര്യക്ഷമമാക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ഗുണനിലവാരം കുറഞ്ഞ മരുന്നുകളുടെ വിവരം അറിയിക്കാൻ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിൽ നിലവിലുള്ള എസ്.എം.എസ് ഉൾപ്പെടെയുള്ള സംവിധാനങ്ങളുടെ അപര്യാപ്തത മാറ്റുന്നതിന് എന്തു നടപടികളെടുത്തു വരുന്നുണ്ട്; വ്യക്തമാക്കാമോ;

(ഡി) ജനറിക് മരുന്നുകളുടെ വില്പന വ്യാപകമായതോടെ അന്യസംസ്ഥാനങ്ങളിൽ നിന്നും ഗുണനിലവാരം കുറഞ്ഞ മരുന്നുകൾ കൂടുതൽ എത്താൻ സാദ്ധ്യതയുണ്ടോ; ഉണ്ടെങ്കിൽ ഇത് തടയുന്നതിന് എന്തെല്ലാം നടപടികളെടുത്തു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്
<u>സർക്കാർ ആശുപത്രികളിൽ ഗുണനിലവാരമില്ലാത്ത മരുന്നുകൾ</u>

2659 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ പരിശോധനാ സംവിധാനം കാര്യക്ഷമമല്ലാത്തതിനാൽ നിലവാരമില്ലാത്ത മരുന്നുകൾ വാങ്ങുന്നത് സർക്കാരും മരുന്നു കമ്പനികളും തമ്മിലുള്ള ഒത്തുകളിയാണെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോർപ്പറേഷന്റെ മരുന്നുവിതരണം കാര്യക്ഷമമല്ലാത്തതിനാൽ കോടിക്കണക്കിന് രൂപയുടെ മരുന്നുകൾ നശിപ്പിച്ചുകളയേണ്ടിവന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) മരുന്നുകൾ വിതരണത്തിനായി ആശുപത്രിയിൽ എത്തിച്ചതിനുശേഷം ഗുണനിലവാര പരിശോധനയ്ക്ക് സാമ്പിളുകൾ അയയ്ക്കുന്നതിനാലും പരിശോധനാഫലം വൈകുന്നതിനാലും ഗുണമേൻമയില്ലാത്ത മരുന്നുകൾ രോഗികളിൽ എത്തുന്നത് തടയാൻ കഴിയാത്ത സാഹചര്യം പരിശോധിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>വിപണിയിലെത്തുന്ന മരുന്നുകളുടെ ഗുണനിലവാര പരിശോധന</u>

2660 ശ്രീ. എ.പ്രദീപ്കുമാര്‍
,, കെ.കുഞ്ഞിരാമന്‍ (ഉദുമ)
,, രാജു എബ്രഹാം
,, ബി.സത്യന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വിപണിയിലെത്തുന്ന മരുന്നുകളുടെ ഒന്നരശതമാനം മാത്രമെ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നുള്ളു എന്നതുകൊണ്ട് ഗുണനിലവാരം കുറഞ്ഞ മരുന്നുകള്‍ വിപണിയില്‍ അധികമായി എത്തുന്നുണ്ടെന്ന് സര്‍ക്കാര്‍ മനസ്സിലാക്കിയിട്ടുണ്ടോ;

(ബി) നിലവാരം കുറഞ്ഞ മരുന്നു വിറ്റതിന്റെ പേരില്‍ ആരെയെങ്കിലും അറസ്റ്റ് ചെയ്യുകയോ മാതൃകാപരമായ ശിക്ഷാനടപടികള്‍ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ; വിശദാംശം നല്‍കാമോ;

(സി) കാലാവധി കഴിഞ്ഞതോ കഴിയാറായതോ ആയ മരുന്നുകള്‍ വില്‍ക്കുന്ന കടകള്‍ക്കെതിരെ സ്വീകരിച്ച നടപടികള്‍ വ്യക്തമാക്കാമോ;

(ഡി) കേരള മെഡിക്കല്‍ സര്‍വ്വീസ് കോര്‍പ്പറേഷന്‍ ലിമിറ്റഡ് വഴി വിതരണം ചെയ്ത മരുന്നുകളില്‍ 18 ശതമാനത്തിലധികം ഗുണനിലവാരം കുറഞ്ഞതായതിന്റെ കാരണമെന്തെന്ന് വിലയിരുത്തിയിട്ടുണ്ടോ; നിര്‍മ്മാണ കമ്പനികള്‍ക്കെതിരെ സ്വീകരിച്ച നടപടികള്‍ വിശദമാക്കാമോ?

# കേരള നിയമസഭ
# 14.02.2013-ലെ മറുപടിക്ക്

കാലാവധി കഴിഞ്ഞ മരുന്നുകള്‍

2661 ശ്രീ. കെ. രാധാകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് മെഡിക്കല്‍ സര്‍വ്വീസ് കോര്‍പ്പറേഷന്‍, കാലാവധി കഴിഞ്ഞതെന്ന പേരില്‍ മരുന്നുകള്‍ വ്യാപകമായി നശിപ്പിച്ച വാര്‍ത്ത ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍, സര്‍ക്കാര്‍ ആശുപത്രികളില്‍ മരുന്ന് വിതരണം ചെയ്യാതിരിക്കുകയും കാലാവധി കഴിയുന്നതുവരെ വന്‍തോതില്‍ മരുന്നുകള്‍ കെട്ടിക്കിടക്കുകയും ചെയ്യാനുണ്ടായ സാഹചര്യം വിശദമാക്കാമോ;

(സി) എത്ര തുകയ്ക്കുള്ള മരുന്നുകളാണ് ഇപ്രകാരം നശിപ്പിച്ചതെന്ന് സ്റ്റോക്ക് രജിസ്റ്ററിലെ കണക്കുകള്‍ പ്രകാരമുള്ള വിശദാംശങ്ങള്‍ ലഭ്യമാക്കാമോ;

(ഡി) കാലാവധി കഴിയുന്നതിനുമുമ്പ് മരുന്നുകള്‍ ആശുപത്രികളില്‍ വിതരണം ചെയ്യാതെ നശിപ്പിക്കേണ്ടിവന്നതു കാരണമുള്ള നഷ്ടം പരിഹരിക്കുവാന്‍ സ്വീകരിച്ച നടപടികള്‍ വിശദമാക്കാമോ;

(ഇ) മെഡിക്കല്‍ സര്‍വ്വീസ് കോര്‍പ്പറേഷനിലെ ഇത്തരം മിസ്-മാനേജ്മെന്റിനെക്കുറിച്ച് പരിശോധിച്ച് നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>ഗുണനിലവാരമില്ലാത്ത മരുന്നുകൾ</u>

2662 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ആശുപത്രികളിൽ വിതരണം ചെയ്യുന്ന മരുന്നുകൾ ഗുണനിലവാരമില്ലെന്ന കാരണത്താൽ പിൻവലിച്ച് നശിപ്പിച്ചു കളയുന്നത് സർക്കാരിന്റെ അറിവോടെയാണോ എന്നു വ്യക്തമാക്കുമോ; ഇപ്രകാരം ചെയ്യേണ്ടി വരുന്നതിന്റെ കാരണക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; ഇങ്ങനെ ചെയ്യുന്നതുമൂലം സർക്കാരിനുണ്ടായ നഷ്ടം എത്രയാണെന്ന് വിശദമാക്കുമോ;

(ബി) ഗുണനിലവാരമില്ലാത്തതിനാൽ സർക്കാർ ആശുപത്രികളിൽ എത്തുന്ന മരുന്നുകൾ പിൻവലിച്ച് നശിപ്പിച്ചപ്പോൾ, ഇതിനു മുമ്പേ തന്നെ ഗുണനിലവാരമില്ലാത്ത ഇതേ മരുന്നുകൾ എത്ര രോഗികൾക്ക് നൽകിയിട്ടുണ്ടാകും എന്ന് പരിശോധിച്ചിട്ടുണ്ടോ; ഇപ്രകാരം സംഭവിക്കാതിരിക്കാൻ ആശുപത്രികളിൽ എത്തിക്കുന്നതിനുമുമ്പുതന്നെ ആവശ്യമായ പരിശോധനകൾ നടത്തി മരുന്നുകളുടെ ഗുണനിലവാരം ഉറപ്പു വരുത്തുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ

## 14.02.2013-ലെ മറുപടിക്ക്

<u>മൊബൈൽ മെഡിക്കൽ സ്റ്റോറുകൾ</u>

2663 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ മേൽനോട്ടത്തിൽ രോഗികൾക്ക് ന്യായവിലയ്ക്ക് അവശ്യ മരുന്നുകൾ ലഭ്യമാക്കുന്നതിനായി മൊബൈൽ മെഡിക്കൽ സ്റ്റോറുകൾ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

ഹൈപ്പര്‍ ടെന്‍ഷന്‍ രോഗികള്‍ക്ക് സൗജന്യമരുന്ന്

2664 ശ്രീ. തേറമ്പില്‍ രാമകൃഷ്ണന്‍
,, പാലോട് രവി
,, എം. പി. വിന്‍സെന്റ്
,, ഷാഫി പറമ്പില്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഹൈപ്പര്‍ ടെന്‍ഷന്‍ രോഗികള്‍ക്ക് സൗജന്യമരുന്ന് നല്‍കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;വിശദമാക്കുമോ;

(ബി) ഏതെല്ലാം ആശുപത്രികള്‍ വഴിയാണ് മരുന്നുകള്‍ വിതരണം ചെയ്യാനുദ്ദേശിക്കുന്നത്; വിശദാംശങ്ങള്‍ എന്തെല്ലാം ;

(സി) ഏതെല്ലാം ഏജന്‍സികളാണ് ഇതുമായി സഹകരിക്കുന്നത്;

(ഡി) എത്രലക്ഷം പേര്‍ക്കാണ് ഈ ആനുകൂല്യം ലഭിക്കുന്നത്; വിശദാംശങ്ങള്‍ എന്തെല്ലാം?

# കേരള നിയമസഭ
# 14.02.2013-ലെ മറുപടിക്ക്

<u>പുതിയ ഹോമിയോ ഡിസ്പെൻസറികൾ</u>

2665 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ വർഷം പുതിയതായി എത്ര ഹോമിയോ ഡിസ്പെൻസറികൾ അനുവദിച്ചിട്ടുണ്ട്;

(ബി) അവ ഏതൊക്കെയാണെന്ന് നിയോജകമണ്ഡലം അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(സി) തളിപ്പറമ്പ് നിയോജക മണ്ഡലത്തിൽ ഹോമിയോ ആശുപത്രികൾ അനുവദിക്കുന്നതിലേക്കായി നിലവിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ആയതിന്മേൽ തീരുമാനം എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ, എന്തുകൊണ്ടെന്നും എന്നേക്ക് തീരുമാനം എടുക്കുമെന്നും അറിയിക്കാമോ ?

## കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>പുന്നപ്ര ഹോമിയോ ആശുപത്രി</u>

2666 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്തിലെ ഹോമിയോ ആശുപത്രിക്ക് സ്വന്തമായി കെട്ടിടം ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ തുക ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്താൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

ദേവസ്വം നിയമനങ്ങൾ

2667 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേവസ്വം നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ട നിയമം റദ്ദാക്കിയതിന്റെ കാരണം വിശദമാക്കുമോ ;

(ബി) ദേവസ്വം നിയമനത്തിന് നിലവിലുള്ള സംവിധാനം എന്താണെന്നു വ്യക്തമാക്കുമോ ;

(സി) ഏതെല്ലാം ദേവസ്വങ്ങളിലെ നിയമനമാണ് പുതിയ സംവിധാനത്തിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്നും ഏതെല്ലാം തസ്തികകളിൽ നിയമനം നടത്തുന്നതിന് പുതിയ സംവിധാനത്തിന് അധികാരമുണ്ടാകുമെന്നും വിശദമാക്കുമോ ;

(ഡി) മലബാർ ദേവസ്വം നിലവിൽ വരുന്നതിന് മുമ്പ് എച്ച്. ആർ. ആന്റ് സി. ഇ. വകുപ്പിൽ ജീവനക്കാരെ നിയമിച്ചിരുന്നത് പി.എസ്.സി. മുഖേന ആയിരുന്നോ എന്ന് വ്യക്തമാക്കുമോ ;

(ഇ) ആയിരുന്നെങ്കിൽ പി.എസ്.സി.യ്ക്ക് ദേവസ്വം ബോർഡുകളിലെ ജീവനക്കാരെ റിക്രൂട്ട് ചെയ്യാൻ എന്തുകൊണ്ട് നിയമ തടസ്സമുണ്ടാകുമെന്ന് വിശദമാക്കുമോ ?

## കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

ടോയ്‌ലെറ്റ് സൗകര്യം ഇല്ലാത്ത ക്ഷേത്രങ്ങൾ

2668 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളുടെ എണ്ണം എത്ര ;

(ബി) പ്രസ്തുത ക്ഷേത്രങ്ങളിൽ ടോയ്‌ലെറ്റ് സൗകര്യം ഇല്ലാത്ത എത്ര ക്ഷേത്രങ്ങളുണ്ട് ;

(സി) കൊട്ടാരക്കര ഗ്രൂപ്പിൽപ്പെട്ട ക്ഷേത്രങ്ങളിൽ ടോയ്‌ലെറ്റ് സൗകര്യം ഇല്ലാത്ത ക്ഷേത്രങ്ങൾ ഏതെല്ലാമാണെന്നും നാളിതുവരെ പ്രസ്തുത ക്ഷേത്രങ്ങളിൽ ടോയ്‌ലെറ്റ് സൗകര്യം സജ്ജമാക്കാത്തതിന്റെ കാരണങ്ങളും വിശദമാക്കുമോ ;

(ഡി) തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിലുള്ള ടോയ്‌ലെറ്റ് സൗകര്യം ഇല്ലാത്ത ക്ഷേത്രങ്ങളിൽ പ്രസ്തുത സൗകര്യം അടിയന്തിരമായി സജ്ജമാക്കുന്നതിന് സ്വീകരിക്കുന്ന നടപടിക്രമങ്ങൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>തിരുവിതാംകൂര്‍ ദേവസ്വം ബോര്‍ഡില്‍ സംവരണ അംഗത്തിന്റെ നിയമനം</u>

2669 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തിരുവിതാംകൂര്‍ ദേവസ്വം ബോര്‍ഡില്‍ സംവരണ അംഗത്തെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ച നടപടികള്‍ വിശദമാക്കുമോ;

(ബി) മറ്റ് അംഗങ്ങളെ നിയോഗിച്ച് മാസങ്ങള്‍ കഴിഞ്ഞിട്ടും സംവരണ അംഗത്തെ നിയമിക്കാതിരിക്കുന്നത് പട്ടികജാതിക്കാരെ അവഗണിക്കുന്നതിന് വേണ്ടിയാണെന്ന ആക്ഷേപം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; അല്ലെങ്കില്‍ കാലവിളംബത്തിന്റെ കാരണം വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>വാച്ചർ, കഴകം, തളി തസ്തികകളിൽ നിയമനം</u>

2670 ശ്രീ. വി.എസ്. സുനിൽകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ക്ഷേത്രങ്ങളിലെ വാച്ചർ, കഴകം, തളി തസ്തികകളിൽ നിയമനത്തിനായി അവസാനമായി വിജ്ഞാപനം പുറപ്പെടുവിച്ചതെന്നാണ്; വിജ്ഞാപന സമയത്ത് ഓരോന്നിലും നിലവിലുണ്ടായിരുന്ന ഒഴിവുകൾ എത്ര വീതമായിരുന്നു;

(ബി) പ്രസ്തുത തസ്തികകളിലേക്ക് എഴുത്ത് പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കിയ ഏജൻസി ഏതാണ്; റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതെന്നാണ്; റാങ്ക് ലിസ്റ്റിന്റെ കാലാവധി എത്ര വർഷമാണ്;

(സി) പ്രസ്തുത ലിസ്റ്റിൽ നിന്നും എത്രപേർക്ക് നിയമന ഉത്തരവുകൾ നൽകി; എത്രപേർ ജോലിയ്ക്കു ഹാജരായി; ജോലിക്ക് ഹാജരാകാത്തതിന്റെ പേരിൽ എത്ര ഒഴിവുകൾ റിപ്പോർട്ടു ചെയ്തു; ഈ ഒഴിവുകളിലേയ്ക്കു വീണ്ടും നിമനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്നു വ്യക്തമാക്കുമോ ;

(ഡി) വാച്ചർ, തളി, കഴകം എന്നീ തസ്തികകളിൽ നിലവിൽ ഒഴിവുകളുണ്ടോ; ഉണ്ടെങ്കിൽ ഓരോന്നിലും എത്ര ഒഴിവുകൾ വീതമുണ്ട്; ഈ ഒഴിവുകളുലേയ്ക്ക് പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

**കേരള നിയമസഭ**

**14.02.2013-ലെ മറുപടിക്ക്**

ക്ഷേത്രങ്ങളുടെ പുനരുദ്ധാരണം

2671 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായകുളം മണ്ഡലത്തിലെ സുപ്രസിദ്ധമായ ചെട്ടികുളങ്ങര ദേവീക്ഷേത്രത്തിൽ മാലിന്യസംസ്ക്കരണ യൂണിറ്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ സത്വര നടപടി സ്വീകരിക്കുമോ ;

(ബി) മേജർ എരുവ ശ്രീകൃഷ്ണ സ്വാമിക്ഷേത്രത്തിലെ ആനക്കൊട്ടിൽ, പഴയ ആഫീസ് കെട്ടിടം, പാട്ടമ്പലം എന്നിവയുടെ പുനരുദ്ധാരണയുമായി ബന്ധപ്പെട്ട വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത വിഷയത്തിൽ എന്തു നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ഡി) എരുവ ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ നടപ്പിലാക്കുന്നതിലേക്ക് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ഇ) കായംകുളം പുതിയിടം, ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ ക്ഷേത്രകുളത്തിന്റെയും സദ്യാലയത്തിന്റെയും ശോച്യാവസ്ഥ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**14.02.2013-ലെ മറുപടിക്ക്**

<u>ശബരിമലയിൽ സീറോ വേസ്റ്റ് പദ്ധതി</u>

2672 ശ്രീ. കെ. ശിവദാസൻ നായർ
,, പി. സി. വിഷ്ണുനാഥ്
,, കെ. മുരളീധരൻ
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ സീറോ വേസ്റ്റ് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്;

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

ശബരിമല ഡ്യൂട്ടിയ്ക്ക് നിയോഗിച്ചവർക്കുള്ള ബത്തകൾ

2673 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2009 നവംബർ മാസം ശബരിമല മണ്ഡലമകരവിളക്കിനോടനുബന്ധിച്ചുള്ള ആരോഗ്യപ്രവർത്തനങ്ങൾക്കായി എരുമേലിയിൽ പ്രത്യേക ഡ്യൂട്ടിക്ക് നിയോഗിച്ചിട്ടുണ്ടായിരുന്ന ആരോഗ്യവകുപ്പിലെ നൂറുകണക്കിന് ജീവനക്കാർക്ക് അനുവദനീയമായ ബത്തകൾ നാളിതുവരെ നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അർഹരായവർക്ക് പ്രസ്തുത ബത്തകൾ നാളിതുവരെ ലഭ്യമാക്കാത്തതിന്റെ സാഹചര്യം എന്താണെന്ന് വിശദമാക്കുമോ;

(സി) വർഷങ്ങളായി നിഷേധിക്കപ്പെട്ട ഈ ബത്തകൾ അർഹരായവർക്ക് ലഭ്യമാക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുമോ?